**കോസ് നമ്പർ. ____________________**

| | | |
|---|---|---|
| | | **ടെക്സസ് ഫോർട്ട്** |
| **സ്റ്റേറ്റ് ഓഫ് ടെക്സസ്** | § | **ബെൻഡ്** കൗണ്ടി **ദേശത്തെ ആറാം** |
| **VS.** | § | **നമ്പര് നിയമ** പ്രകാരം കൗണ്ടി **നീതിന്യായ** |
| ____________________________ | § | **കോടതി മുമ്പാകെ** |

**ശിക്ഷാർഹമായ കുറ്റസമ്മതം/ തർക്കമില്ലായ്മ**
MISDEMEANOR PLEA OF GUILTY / NO CONTEST

**കുറ്റകൃത്യം, ശിക്ഷയുടെ വ്യാപ്തി, വാദപ്രതിവാദം.** ഒരു വാദം രേഖപ്പെടുത്തുന്നതിന് മുമ്പായി പ്രതി താഴെ പറയും പ്രകാരം ബോദ്ധ്യപ്പെടുത്തുന്നു, ഞാന് മാനസിക ശേഷിയുള്ളയാളും ശിക്ഷ അർഹിക്കുന്ന കുറ്റമായ എന്നില് ആരോപിച്ചിട്ടുള്ളതും അയതിനുള്ള ശിക്ഷ $__________________ ല് കവിയാത്ത പിഴയോ കൂടാതെ/അഥവാ ഫോർട്ട് ബെൻഡ് കൗണ്ടി ജയിലില് __________________ ദിവസത്തിൽ/മാസത്തില് കൂടാത്ത ജയിൽവാസമോ ഇതു രണ്ടുമോ ആണെന്ന് ഞാന് മനസ്സിലാക്കുകയും ചെയ്യുന്നു.

**അവകാശങ്ങളുടെ അംഗീകരിക്കല്.** എന്റെ തെറ്റ് അല്ലെങ്കില് നിരപരാധിത്വം ഒരു ജഡ്ജിയെക്കൊണ്ട് തീരുമാനിപ്പിക്കുവാനും കുറ്റക്കാരനെന്ന് കണ്ടെത്തിയാല് ശിക്ഷ കണക്കാക്കുവാനുള്ള അവകാശം എനിക്കുവേണ്ടി സാക്ഷി പറയുവാന് സാക്ഷികളെ നിർബന്ധിക്കുവാനുള്ള അവകാശം, എന്നില് കുറ്റം ആരോപിക്കുന്നവരെ എതിരിടുവാനും എതിർവിസ്താരം ചെയ്യാനുമുള്ള അവകാശം, പരസ്യമായി കുറ്റം ആരോപിക്കപ്പെടുവാനും തുറന്ന കോടതിയില് ആരോപണങ്ങള് വായിച്ചുകേൾക്കുന്നതിനുമുള്ള അവകാശം, ഞാന് എന്തെങ്കിലും പറഞ്ഞാല് അത് എനിക്കെതിരെ തന്നെ ഉപയോഗിക്കപ്പെടാന് സാധ്യതയുള്ളതിനാല് നിശബ്ദനായിരിക്കാനുള്ള അവകാശം, എന്റെ അഭിഭാഷകനെ നിയമിച്ചതിനു ശേഷം നിർവ്യാജമായ വാദം രേഖപ്പെടുത്തുന്നതിനു മുമ്പായി (10) പത്ത് ദിവസം ലഭിക്കുന്നതിനുള്ള അവകാശം എന്നീ അവകാശങ്ങള് ഉള്ളതായി എനിക്കറിയാം.

**അപ്പീലിനുള്ള നിയന്ത്രിത അവകാശം. പ്രത്യക്ഷവും സമാന്തരവുമായ പരിണിതഫലങ്ങള്.**ഒരു തർക്കമില്ലായ്മ അല്ലെങ്കില് കുറ്റസമ്മതത്തിന്മേല് കോടതി വിചാരണയ്ക്കുള്ള എന്റെ അവകാശം ത്യജിക്കുമ്പോള് കോടതി തെളിവില്ലാതെ തന്നെ ശിക്ഷ കണക്കാക്കുമെന്നും, മറ്റുള്ള കാര്യങ്ങള് ഉന്നയിക്കാന് കോടതി അനുവദിക്കുന്നില്ലായെങ്കില് എന്റെ ശിക്ഷയ്ക്കെതിരെയുള്ള അപ്പീലിനുള്ള എന്റെ അവകാശം എഴുതി നൽകിയ പ്രമേയത്തില് ഉന്നയിച്ച സംഗതികളില് മാത്രമായി ചുരുങ്ങുമെന്നുള്ളതും ഞാന് മനസ്സിലാക്കുന്നു; നേരത്തെ വിവരിച്ചതു പോലെ "അപ്പീലിനുള്ള നിയന്ത്രിത അവകാശം" ഉപയോഗപ്പെടുത്തുവാന് ഞാന് തീരുമാനിക്കുകയാണെങ്കില് ഒരു അഭിഭാഷകനാല് പ്രതിനിധീകരിക്കപ്പെടാനുള്ള അവകാശം എനിക്കുള്ളതും ഒരു അഭിഭാഷകന്റെ ചെലവ് വഹിക്കുവാനുള്ള കഴിവ് അല്ലെങ്കില് അപ്പീല് രേഖകൾക്കുള്ള ചെലവ് വഹിക്കാനുള്ള കഴിവ് എനിക്കില്ലെങ്കില് എന്നെ പ്രതിനിധീകരിക്കുവാനായി കോടതി ഒരു അഭിഭാഷകനെ അപ്പീല് നടത്തുന്നതിന് നിയമിക്കുന്നതാണ്; എന്റെ "അപ്പീലിനുള്ള നിയന്ത്രിത അവകാശം" ഉപയോഗപ്പെടുത്തുവാന് എനിക്ക് (30) മുപ്പത് ദിവസങ്ങള് ഉണ്ട്; ഞാന് കുറ്റക്കാരന് ആണെന്ന് കണ്ടെത്തുകയാണെങ്കില്, ഞാന് മറ്റൊരു കുറ്റകൃത്യത്തിന് ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കില് ഈ കേസ് എന്റെ ശിക്ഷ ഉയർത്താനായി ഉപയോഗിക്കപ്പെടാം. പ്രയോഗക്ഷമമാണെങ്കില് വാഹനം ഓടിക്കാനുള്ള എന്റെ പ്രത്യേക അവകാശം റദ്ദാക്കുകയോ, താല്ക്കാലികമായി റദ്ദാക്കുകയോ, അസാധുവാക്കുകയോ, നിരസിക്കുകയോ ചെയ്യപ്പെടാം.

**പ്രസ്താവന.** ഞാന് ഈ കേസ് പൂർണ്ണമായും എന്റെ അഭിഭാഷകനുമായി ചർച്ച ചെയ്യുകയും അദ്ദേഹം/അവർ എന്റെ ഓരോ ചോദ്യത്തിനും തൃപ്തികരമായി മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

**ത്യജിക്കല്.** എന്റെ അവകാശങ്ങള് പൂർണ്ണമായി മനസ്സിലാക്കിക്കൊണ്ട്, അറിവോടെയും, സ്വമനസ്സാലെയും മുകളില് പറഞ്ഞിരിക്കുന്ന ഓരോ അവകാശങ്ങളെയും ഞാന് ത്യജിക്കുന്നതും, സ്റ്റേറ്റിന്റെ ആരോപണങ്ങളില് കുറ്റസമ്മതം/തർക്കിക്കാതിരിക്കല് നടത്തുവാന് ഞാന് ആഗ്രഹിക്കുന്നു. അധികമായുള്ള ഖണ്ഡികകള് സത്യമാകുന്നു.

**വാദം.** സ്റ്റേറ്റിന്റെ പ്രമേയത്തിലെ ആരോപണങ്ങൾക്കുള്ള കുറ്റസമ്മതം/തർക്കമില്ലായ്മ തുറന്ന കോടതിയില് അറിവോടെയും സ്വമനസ്സാലെയും ഞാന് രേഖപ്പെടുത്തുകയും പ്രോസിക്യൂട്ടറുമായുള്ള എന്റെ വാദ ഉടമ്പടിയുടെ അടിസ്ഥാനത്തില് ഉടന് തന്നെ ഈ കേസ് തീർപ്പാക്കണമെന്ന് കോടതിയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. എന്റെ വാദങ്ങള് ജഡ്ജി കണക്കിലെടുക്കുന്നില്ലെങ്കില് എന്റെ വാദങ്ങള് പിൻവലിക്കുവാന് എനിക്ക് അനുവാദം ലഭിക്കുന്നതാണ് എന്നതും ഞാന് മനസ്സിലാക്കുന്നു. മൂന് പ്രസ്താവിച്ച പദങ്ങളില് ഞാന് കുറ്റസമ്മതം രേഖപ്പെടുത്തിയാല്, സ്റ്റേറ്റിന്റെ പ്രമേയത്തില് ലിസ്റ്റ് ചെയ്തിരിക്കുന്ന കുറ്റകൃത്യങ്ങള് ചെയ്തു എന്ന് ഞാന് ഏറ്റുപറയുന്നു, സ്റ്റേറ്റിന്റെ വാദത്തിലെ ഓരോ ഘടകവും സത്യമാണ്.

____________________________________________ ________________________

പ്രതിയുടെ ഒപ്പ് തീയതി

ഈ പത്രം ഇംഗ്ലീഷില് നിന്നും _______________________ പദാനുപദം _________________ലേക്ക് വിവർത്തനം ചെയ്തിരിക്കുന്നു

____________________________________________ ________________________

ദ്വിഭാഷിയുടെ പേര് (ദയവായി അച്ചടിക്കുക) ദ്വിഭാഷിയുടെ ഒപ്പ്

**അഭിഭാഷകന്റെ അംഗീകരിക്കല്.** ഞാന് ശേഷിയുണ്ടെന്ന് വിശ്വസിക്കുന്ന പ്രതിയുമായി ഞാന് കുടിയാലോചിച്ചു, വൈദേശിക പരിണതഫലങ്ങള് ഉൾപ്പെടെയുള്ള സംഗതികള് പൂർണ്ണമായും ഞാന് വിശദീകരിച്ചു.

- **നിയമിക്കപ്പെട്ട അഭിഭാഷകനായി.** ക്രിമിനല് നടപടിക്രമം വകുപ്പ് 26.04(j) അനുസരിച്ചുള്ള എന്റെ കടമകള് ഞാന് പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഞാന് ഉറപ്പ് തരുന്നു. ഈ നടപടിക്രമങ്ങളുടെ അവസാനം നിയമിതനായ അഭിഭാഷകനെന്ന നിലയില് നിന്നും പിൻവാങ്ങുവാന് എന്നെ അനുവദിക്കണമെന്ന് കോടതിയോട് അപേക്ഷിക്കുന്നു.

____________________________________________ ________________________

അഭിഭാഷകന്റെ പേര് (ദയവായി അച്ചടിക്കുക) പ്രതിഭാഗം അഭിഭാഷകന്റെ ഒപ്പ്/ തീയതി

**വാദം ഒഴിവാക്കുന്നതിനുള്ള പ്രോസിക്യൂട്ടറുടെ സമ്മതവും അനുവാദവും.** നല്ലനടപ്പ് റദ്ദാക്കാന് അല്ലെങ്കില് വിധിനിർണ്ണയത്തിനുള്ള സ്റ്റേറ്റിന്റെ പ്രമേയത്തിന്മേല് വാദം ഒഴിവാക്കുന്നതിനുള്ള പ്രതിയുടെ തീരുമാനത്തെ സ്റ്റേറ്റ് ഓഫ് ടെക്സസിനു വേണ്ടി, താഴെ ഒപ്പിട്ടിരിക്കുന്ന അസിസ്റ്റന്റ് ജില്ലാ അറ്റോർണി ഇതിനാല് സമ്മതിച്ച്, അനുമതി നൽകി, അനുവദിച്ചിരിക്കുന്നു.

____________________________________________ ________________________

അസിസ്റ്റന്റ് ജില്ലാ അറ്റോർണി, ഫോർട്ട് ബെൻഡ് കൗണ്ടി തീയതി

പ്രതി എന്റെ മുമ്പാകെ 20_______ _______________ മാസം _______ തീയതി സമ്മതിച്ച് ഒപ്പ് വച്ച് സത്യമെന്ന് ഉറപ്പ് വരുത്തുന്നു

എന്ന്: ______________________________________________________

ഡെപ്യൂട്ടി ക്ലർക്ക്, ഫോർട്ട് ബെൻഡ് കൗണ്ടി, ടെക്സസ്

**കാര്യക്ഷമതാ നിർണ്ണയം.** പ്രതിയുടെ പെരുമാറ്റത്തിന്റെയും പ്രതികരണത്തിന്റെയും അടിസ്ഥാനത്തില് പ്രതി കാര്യപ്രാപ്തിയുള്ളയാളാണെന്നും, മുകളില് പറഞ്ഞിരിക്കുന്ന അവകാശങ്ങള് അറിവോടെയും വിവേകത്തോടെയും സ്വമനസ്സാലെയും ത്യജിച്ചതാണെന്നും, ഈ വാദം സമർപ്പിക്കുന്നത് അറിവോടെയും, വിവേകത്തോടെയും, സ്വമനസ്സാലെയുമാണെന്നും കോടതി കണ്ടെത്തിയിരിക്കുന്നു.

**തോക്ക് അല്ലെങ്കില് വെടിയുണ്ട കൈവശം വയ്ക്കാനുള്ള അവകാശം, പൗരത്വം, കുടിയേറ്റ പരിണിതഫലങ്ങള്.** കുറ്റാരോപണത്തിന്റെ സ്വഭാവം, നല്ലനടപ്പ് ലംഘിച്ചിട്ടുള്ള കുറ്റസമ്മതത്തിന്റെ പരിണിതഫലങ്ങള്, അവകാശങ്ങള് എന്നിവയെ കുറിച്ച് ഞാന് പ്രതിയെ അറിയിച്ചിരുന്നു. ടെക്സസ് ഫാമിലി കോഡ് വകുപ്പ് 71.004ല് നിർവചിച്ചിട്ടുള്ള കുടുംബലഹളയില് ടി കുറ്റകൃത്യം ഉൾപ്പെടുന്നുവെങ്കില്, പ്രതി ഒരു തോക്ക്, ഒരു കൈത്തോക്ക്, വലിയ തോക്ക്, അഥവാ വെടിയുണ്ട എന്നിവ വാങ്ങുന്നതും കൈവശം വയ്ക്കുന്നതും ടെക്സസ് ശിക്ഷാ നിയമം വകുപ്പ് 46.04(b) അല്ലെങ്കില് ഫെഡറല് നിയമം യു.എസ്.സി. വകുപ്പ് 922(g)(9) പ്രകാരം നിയമവിരുദ്ധമാണ്.

- അയാൾ/അവര് ഒരു യുണൈറ്റഡ് സ്റ്റേറ്റ്സ് പൗരനാണെന്ന് പ്രതി എന്നെ അറിയിച്ചിട്ടുണ്ട്.

- പ്രതി ഒരു യുണൈറ്റഡ് സ്റ്റേറ്റ്സ് പൗരനല്ലെന്ന് എന്നെ അറിയിച്ചിട്ടുള്ളതും, ഈ കുറ്റാരോപണത്തില്, കുറ്റം സമ്മതിക്കല് അഥവാ തർക്കിക്കാതിരിക്കല് നാടുകടത്തലിനോ, രാജ്യത്ത് പ്രവേശിക്കുന്നതില് നിന്നുള്ള ഒഴിവാക്കലിനോ ഫെഡറല് നിയമത്തിന്റെ കീഴിലുള്ള സമതുലിതാവസ്ഥയുടെ നിരാകരണത്തിനോ ഇടയാക്കാമെന്ന് ഞാന് പ്രതിയെ താക്കീത് ചെയ്തിരുന്നു. കുറ്റത്തിന്റെ/നിർവ്യാജമായ കുറ്റസമ്മതത്തിന്റെ കുടിയേറ്റ പരിണിതഫലങ്ങള് പ്രതിയും അഭിഭാഷകനും സ്വീകരിച്ച്, പുനഃപരിശോധിച്ച് ഇതിനോടൊപ്പമുള്ള അറിയിപ്പ് ഒപ്പുവച്ചിരിക്കുന്നു. പ്രതി അയാളുടെ/അവരുടെ വാദം ടെക്സസ് ക്രിമിനില് നടപടിക്രമം വകുപ്പ് 2.25 പ്രകാരമുള്ളതാണെങ്കില്, ആയത് അതാത് ഫെഡറല് അധികാരികള് മുമ്പാകെ റിപ്പോർട്ട് ചെയ്യുവാന് ഫോർട്ട് ബെൻഡ് കൗണ്ടി ഓഫീസ്/ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സർവ്വീസ് ആന്റ് കറക്ഷന് ഡിപാർട്ട്മെന്റിനോട് ടെക്സസ് ക്രിമിനല് നടപടിക്രമം അനുസരിച്ച് കോടതി ഉത്തരവിടുന്നു.

**വാദങ്ങളുടെ സ്വീകാര്യത.**

- o വിവേചനപൂർവ്വം ശിക്ഷ വിധിക്കുക എന്ന അർത്ഥവത്തായ ഉദ്യമം നടപ്പാക്കുന്നതിന് ആവശ്യമായ വിവരങ്ങള് രേഖകളിലുണ്ടെന്ന് കോടതി **കണ്ടെത്തിയിട്ടുള്ളതും** പരസ്യമായ ഒരു അന്വേഷണ റിപ്പോർട്ട് വേണ്ട എന്ന് പ്രതി അപേക്ഷിച്ചിട്ടുള്ളതും കോടതി ആയത് സമ്മതിച്ചിട്ടുള്ളതുമാകുന്നു.

- o ടെക്സസ് ക്രമിനല് നടപടിക്രമം വകുപ്പ് 26.04 (j) പ്രകാരം അഭിഭാഷകനെ നിയമിച്ചിട്ടുണ്ട് എന്ന് കോടതി **കണ്ടെത്തിയിട്ടുള്ളതും,** അഭിഭാഷകന്റെ പിൻവലിക്കല് പ്രമേയം അനുവദിച്ചിട്ടുള്ളതും ഫോർട്ട് ബെൻഡ് കൗണ്ടി ക്ലെർക്കിനോട്, അഭിഭാഷകന്റെ പ്രമേയവും കോടതിയുടെ തീരുമാനവും രേഖകളില് പ്രതിഫലിക്കുന്ന ഒരു കുറിപ്പ് തയ്യാറാക്കുവാന് കോടതി ഉത്തരവിടുന്നു

________________________________________ ________________________

അദ്ധ്യക്ഷത വഹിച്ച ജഡ്ജി ഒപ്പ് തീയതി

കോസ് നം. ____________________

| | | |
|---|---|---|
| **സ്റ്റേറ്റ് ഓഫ് ടെക്സസ്** | § | **ടെക്സസ് ഫോർട്ട്** |
| | § | **ബെൻഡ് കൗണ്ടി ദേശത്തെ** |
| Vs. | § | **________ നമ്പര് നിയമ പ്രകാരം** |
| | § | **കൗണ്ടി നീതിന്യായ കോടതി** |
| ______________________________________ | § | **മുമ്പാകെ** |

**എതിർകക്ഷിക്ക് അപ്പീൽ ചെയ്യാനുള്ള അവകാശം സംബന്ധിച്ച ട്രയൽ കോർട്ടിന്റെ സർട്ടിഫിക്കേഷൻ ***

TRIAL COURT'S CERTIFICATION OF DEFENDANT'S RIGHT TO APPEAL*

വിചാരണക്കോടതി ജഡ്ജിയായ ഞാൻ ഈ ക്രിമിനൽ കേസ് സാക്ഷ്യപ്പെടുത്തുന്നു:

☐ ഇത് ഒരു അപേക്ഷ-വിലപേശൽ കേസല്ല, പ്രതിക്ക് അപ്പീൽ നൽകാനുള്ള അവകാശമുണ്ട്, [അല്ലെങ്കിൽ]

☐ ഒരു അപേക്ഷ-വിലപേശൽ കേസാണ്, എന്നാൽ രേഖാമൂലമുള്ള പ്രമേയത്തിലൂടെ കാര്യങ്ങൾ ഉന്നയിക്കപ്പെടുകയും, വിചാരണയ്ക്ക് മുമ്പായി വിധി പ്രസ്താവിക്കുകയും ചെയ്തു, ആയത് പിൻവലിക്കുകയോ ഒഴിവാക്കുകയോ ചെയ്തിട്ടില്ല, പ്രതിക്ക് അതുകൊണ്ട് അപ്പീൽ നൽകാനുള്ള അവകാശമുണ്ട്, [അല്ലെങ്കിൽ]

☐ ഒരു അപേക്ഷ-വിലപേശൽ കേസാണ്, എന്നാൽ വിചാരണക്കോടതി അപ്പീൽ നൽകാൻ അനുമതി നൽകിയിട്ടുണ്ട്, കൂടാതെ പ്രതിക്ക് അപ്പീൽ ചെയ്യാനുള്ള അവകാശമുണ്ട്, [അല്ലെങ്കിൽ]

☐ ഒരു അപേക്ഷ-വിലപേശൽ കേസാണ്, പ്രതിക്ക് അപ്പീൽ ചെയ്യാനുള്ള അവകാശമില്ല, [കൂടാതെ/അല്ലെങ്കിൽ]

☐ പ്രതി അപ്പീലിന്റെ അവകാശം എഴുതിത്തള്ളി.

______________________________________ ______________________

പ്രിസൈഡിംഗ് ജഡ്ജി തീയതി

സാക്ഷ്യപ്പെടുത്തലിന്റെ ഒരു പകർപ്പ് എനിക്ക് ലഭിച്ചിട്ടുണ്ട്. ഒപ്പം ഈ ക്രിമിനൽ കേസിന്റെ ഏതെങ്കിലും അപ്പീലിനെക്കുറിച്ചുള്ള എന്റെ അവകാശങ്ങളെക്കുറിച്ചും ടെക്സസ് റൂൾസ് ഓഫ് അപ്പീൽ നടപടിക്രമത്തിലെ 68-ആം ചട്ടം അനുസരിച്ച് വിവേചനാധികാര അവലോകനത്തിനായി പ്രോ സെ അപേക്ഷ സമർപ്പിക്കാനുള്ള ഏതെങ്കിലും അവകാശം ഉൾപ്പെടെ എന്നെ അറിയിച്ചിട്ടുണ്ട്. അപ്പീൽ കോടതിയുടെ വിധിന്യായത്തിന്റെയും അഭിപ്രായത്തിന്റെയും ഒരു പകർപ്പ് എന്റെ അവസാനത്തെ അറിയപ്പെടുന്ന വിലാസത്തിലേക്ക് എന്റെ അഭിഭാഷകന് മെയിൽ ചെയ്യണമെന്നും അപ്പീൽ കോടതിയിൽ വിവേചനാധികാര അവലോകനത്തിനായി പ്രോ സെ അപേക്ഷ സമർപ്പിക്കാൻ എനിക്ക് 30 ദിവസമേയുള്ളൂ എന്നും എനിക്ക് അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ടെക്സ്. ആർ. ആപ്പ്. പേജ് 68.2. ഈ കേസിൽ അപ്പീൽ നൽകാൻ ഞാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അങ്ങനെ ചെയ്യാൻ എനിക്ക് അർഹതയുണ്ടെങ്കിൽ, ഞാൻ ഇപ്പോൾ താമസിക്കുന്ന വിലാസത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയെന്നോ അല്ലെങ്കിൽ എന്റെ ഇപ്പോഴത്തെ ജയിൽ യൂണിറ്റിന് ഉണ്ടായ മാറ്റം എഴുത്തുകുത്തിലൂടെ എന്റെ അപ്പീൽ അറ്റോർണിയെ അറിയിക്കേണ്ടത് എന്റെ കടമയാണെന്നും ഞാൻ സമ്മതിക്കുന്നു. അപ്പീൽ സമയപരിധി കാരണം, എന്റെ മേൽവിലാസത്തിൽ എന്തെങ്കിലും മാറ്റം വന്നെന്ന് എന്റെ അപ്പീൽ അഭിഭാഷകനെ സമയബന്ധിതമായി അറിയിക്കുന്നതിൽ എനിക്ക് വീഴ്ച സംഭവിച്ചാല് വിവേചനാധികാര അവലോകനത്തിനായി ഒരു പ്രോ സെ അപേക്ഷ സമർപ്പിക്കാനുള്ള അവസരം എനിക്ക് നഷ്ടപ്പെട്ടേക്കാം.

______________________________________ ______________________________________

പ്രതി പ്രതിയുടെ കൗൺസല്

______________________________________ ______________________________________

| | |
|---|---|
| മെയിലിംഗ് വിലാസം | ടെക്സസ് സംസ്ഥാന ബാര് ഐഡി നമ്പര് |
| ടെലിഫോൺ നമ്പർ | മെയിലിംഗ് വിലാസം |
| ഫാക്സ് നമ്പര് (അതുണ്ടെങ്കില്) | ടെലിഫോൺ നമ്പർ |
| ഇമെയില് (അതുണ്ടെങ്കില്) | ഫാക്സ് നമ്പര് (അതുണ്ടെങ്കില്) |

* ഒരു ക്രിമിനൽ കേസിലെ ഒരു പ്രതിക്ക് ഈ ചട്ടങ്ങൾ പ്രകാരം അപ്പീൽ നൽകാൻ അവകാശമുണ്ട്. കുറ്റം ചുമത്തിക്കൊണ്ടുള്ള വിധിന്യായത്തിൽ എത്തിച്ചേരുന്നതും അപ്പീൽ ചെയ്യാവുന്നതുമായ എല്ലാ കേസുകളിലും പ്രതിയ്ക്ക് അപ്പീല് ചെയ്യാനുള്ള അവകാശം സംബന്ധിച്ച് വിചാരണ കോടതി ഒരു സർട്ടിഫിക്കേഷൻ നൽകിയിരിക്കണം. ഒരു അപേക്ഷാ വിലപേശൽ കേസിൽ, അതായത്, ഒരു പ്രതിയുടെ അപേക്ഷ കുറ്റംചെയ്തതായും വാദം ഇല്ലെന്നും പ്രോസിക്യൂട്ടർ ശുപാർശ ചെയ്യുന്ന ശിക്ഷ പ്രതി സമ്മതിച്ച ശിക്ഷയില് കവിയാതിരിക്കുകയും ചെയ്താൽ, ഒരു പ്രതിക്ക് അപ്പീൽ നൽകാന് കഴിയുന്നത് ഇനി പറയുന്ന കാര്യങ്ങളില് മാത്രമാണ്: (A) രേഖാമൂലമുള്ള പ്രമേയം ഫയൽ ചെയ്യുകയും വിചാരണയ്ക്ക് മുമ്പായി വിധിക്കുകയും ചെയ്ത കാര്യങ്ങൾ, അല്ലെങ്കിൽ (B) അപ്പീൽ നൽകാൻ വിചാരണ കോടതിയുടെ അനുമതി ലഭിച്ചതിന് ശേഷം. ടെക്സസ് റൂൾ ഓഫ് അപ്പലേറ്റ് നടപടിക്രമം 25.2 (a)(2).

**കോസ് നമ്പര്.____________________**

| | | |
|---|---|---|
| **സ്റ്റേറ്റ് ഓഫ് ടെക്സസ്** | § | **ടെക്സസ് ഫോര്ട്ട്** |
| | § | **ബെൻഡ്** കൗണ്ടി **ദേശത്തെ ആറാം** |
| VS. | § | ______**നമ്പര് നിയമ പ്രകാരം** കൗണ്ടി **നീതിന്യായ** |
| ______________________________ | § | **കോടതി മുമ്പാകെ** |

**<u>സത്യവാങ്മൂലം</u>**

<u>A F F I D A V I T</u>

1. **പ്രതിയുടെ നല്ല നടപ്പിനുള്ള ജാമ്യ അപേക്ഷ**

താഴെ ഒപ്പുവച്ചിരിക്കുന്ന ഈ കേസിലെ പ്രതിയായ ഞാന് വിചാരണയ്ക്കു മുമ്പായുള്ള നല്ലനടപ്പിലുള്ള രേഖാമൂലമുള്ള ജാമ്യാപേക്ഷ ഇതിനാല് ബോധിപ്പിക്കുകയും സത്യമെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതെന്തെന്നാല്:

A. ഞാന് ഇതിനു മുമ്പൊരിക്കലും (200) ഇരുന്നൂറ് ഡോളറിന് മുകളില് പിഴ ഒടുക്കേണ്ടതോ പരമാവധി അനുവദനീയ ശിക്ഷ ജയില് തടവ് ആകുന്നതോ ആയ പെരുമാറ്റദൂഷ്യത്തിനോ കൊടും കുറ്റകൃത്യത്തിനോ ഈ അധികാര പരിധിയിലോ മറ്റേതെങ്കിലും അധികാരപരിധിയിലോ ശിക്ഷിക്കപ്പെട്ടിട്ടില്ലാത്തതാകുന്നു, ചുവടെ പറയുന്നവ ഇതിൽ ഉൾപ്പെടുന്നില്ല: ______________________________________________

______________________________________________________________________

B. ടെക്സസ് പെരുമാറ്റ ദൂഷ്യ നല്ലനടപ്പ് ജാമ്യ നിയമപ്രകാരമോ മറ്റേതെങ്കിലും നല്ല നടപ്പ് ജാമ്യ നിയമപ്രകാരമോ കഴിഞ്ഞ (5) അഞ്ച് വർഷത്തിനിടയില് എനിക്ക് നല്ലനടപ്പ് ജാമ്യം അനുവദിച്ചിട്ടില്ലാത്തതാകുന്നു, ചുവടെ പറയുന്നവ ഇതിൽ ഉൾപ്പെടുന്നില്ല: _________

________________________________________________________________

C. ഈ അപേക്ഷ ഞാന് വായിച്ചിട്ടുള്ളതും കോടതിക്ക് ഉചിതമെന്ന് തോന്നുന്നതും ചുവടെ പ്രതിപാദിക്കുന്നതുമായ, ഇവിടെ എന്നെ പ്രതിനിധീകരിക്കുവാന് ഒരാളെ കോടതി നിയമിക്കേണ്ടതുണ്ടെങ്കില് കോടതി നിയമിക്കുന്ന എന്റെ അഭിഭാഷകന്റെ ഫീസ് ഫോര്ട്ട് ബെൻഡ് കൗണ്ടിക്ക് മടക്കി നൽകുന്നതുൾപ്പെടെയുള്ള ന്യായമായ ചില വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയനാകുമെന്നുള്ളത് ഞാന് മനസ്സിലാക്കുന്നതും, ഇതിനാല് സമ്മതിച്ചിരിക്കുന്നതുമാകുന്നു. അപ്രകാരമുള്ള നിരീക്ഷണഘട്ടത്തിന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും അനുസരിച്ച് കൊള്ളാമെന്ന് ഞാന് ഇതിനാല് സമ്മതിച്ചുകൊള്ളുന്നു.

___________________________ ___________________________

പ്രതിയുടെ ഒപ്പ് തീയതി

ചുവടെ ഒപ്പുവച്ചിരിക്കുന്ന ടെക്സസ് ഫോർട്ട് ബെൻഡ് കൗണ്ടി ക്ലെർക്ക് ആയ ____________________________ എന്ന എന്റെ മുമ്പാകെ മേൽപറഞ്ഞ കേസിലെ പ്രതി 20____________ ആണ്ട് ____________ മാസം ____________ ദിവസം നേരിട്ട് ഹാജരായി കോടതി മുമ്പാകെ ഞാന് സത്യം ചെയ്യിച്ചതനുസരിച്ച് മുകളില് സൂചിപ്പിച്ചിരിക്കുന്ന സ്ഥലങ്ങളില് ഈ രേഖ യിൽ ഒപ്പ് വച്ചിട്ടുള്ളതും ടി കാര്യങ്ങള് ശരിയും സത്യവുമാണെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

**ലോറ റിച്ചാർഡ്, കൗണ്ടി ക്ലെർക്ക്**
**ഫോർട്ട് ബെൻഡ് കൗണ്ടി, ടെക്സസ്**
**എന്ന് :____________________________________**
**ഡെപ്യൂട്ടി**

20_______ ആണ്ട് ____________ മാസം ____________ തീയതി അനുവദിച്ചിരിക്കുന്നു

______________________________ __________________

അസിസ്റ്റന്റ് ജില്ലാ അറ്റോർണി പ്രതിയുടെ അഭിഭാഷകന്

**കേസ് നമ്പർ. ____________________**

| | | |
|---|---|---|
| | | **ടെക്സസ് ഫോർട്ട്** |
| **സ്റ്റേറ്റ് ഓഫ് ടെക്സസ്** | § | **ബെൻഡ് കൗണ്ടി ദേശത്തെ ______** |
| **VS.** | § | **നമ്പര് നിയമ പ്രകാരം കൗണ്ടി നീതിന്യായ** |
| ____________________________ | § | **കോടതി മുമ്പാകെ** |

**<u>സമൂഹ മേൽനോട്ടത്തില് (നല്ലനടപ്പ്) ഉള്ള പ്രതികളുടെ നിയമപരമായ ഇളവിന്റെ നോട്ടീസ്</u>**

<u>NOTICE OF JUDICIAL CLEMENCY FOR DEFENDANTS PLACED ON COMMUNITY SUPERVISION (PROBATION)</u>

താങ്കളുടെ സമൂഹ മേൽനോട്ടത്തില് (ഇതില് ഇനിമേല് "നല്ലനടപ്പ്") വ്യവസ്ഥകള് താങ്കള് കൃത്യമായി പാലിച്ചു എന്ന് കോടതിക്ക് ബോദ്ധ്യപ്പെട്ടാല്, താങ്കളുടെ നല്ലനടപ്പ് കാലാവധിയ്ക്കു ശേഷം, മറ്റ് സംഗതികളും പാലിക്കപ്പെട്ടാല് കോടതിയില് നിന്നുമുള്ള നിയമപരമായ ഇളവിന് താങ്കൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

താഴെപ്പറയും പ്രകാരമായാല് ക്രിമിനല് നടപടിക്രമം വകുപ്പ് 42A.701 പ്രകാരമുള്ള വിവേചനാധികാരം ഉപയോഗിച്ച് കോടതിക്ക് താങ്കളുടെ നല്ലനടപ്പ് റദ്ദാക്കുന്നതില് ഇളവ് അനുവദിക്കാവുന്നതാണ്:

1. താങ്കളുടെ നല്ലനടപ്പിന്റെ വ്യവസ്ഥകള് താങ്കള് തൃപ്തികരമായി പാലിച്ചുവെന്ന് കോടതിക്ക് ബോദ്ധ്യം വന്നാല്;
2. ഭേദഗതി ചെയ്തതോ മാറ്റം വരുത്തിയതോ ഉൾപ്പെടെയുള്ള താങ്കളുടെ നല്ലനടപ്പ് കാലാവധി കഴിഞ്ഞാല്;
3. കോടതി താങ്കളെ നല്ലനടപ്പില് നിന്നും മോചിപ്പിച്ചാല്; കൂടാതെ
4. കോടതി താങ്കളുടെ കേസിലെ വിധി അസാധുവാക്കുകയോ കുറ്റസമ്മതം പിൻവലിക്കാന് താങ്കളെ അനുവദിക്കുകയോ ചെയ്താല്.

മുകളില് പറയുന്ന ആവശ്യങ്ങള് പാലിക്കപ്പെട്ടാല് താങ്കൾക്കെതിരെയുള്ള കുറ്റാരോപണം, പരാതി, അറിയിപ്പുകള്, അല്ലെങ്കില് ആക്ഷേപം എന്നിവ തള്ളിക്കളഞ്ഞ് താങ്കളുടെ ശിക്ഷ അല്ലെങ്കില് കുറ്റസമ്മതത്തിന്റെ ഫലമായുണ്ടായ എല്ലാ പിഴകളില് നിന്നും അയോഗ്യതകളില് നിന്നും താങ്കളെ മോചിപ്പിക്കുവാനുള്ള അധികാരം കോടതിക്കുള്ളതാകുന്നു. എന്നുവരികിലും കോടതി താങ്കളെ താങ്കളുടെ ശിക്ഷ അഥവാ കുറ്റസമ്മതത്തിന്റെ പരിണിതഫലങ്ങളില് നിന്നും മോചിപ്പിക്കുകയും താങ്കള് പിന്നീട് മറ്റൊരു കുറ്റത്തിന് ശിക്ഷിക്കപ്പെടുകയും ചെയ്താല് താങ്കളുടെ ശിക്ഷ അഥവാ കുറ്റസമ്മതം ജഡ്ജിയുടെ ശ്രദ്ധയില് കൊണ്ടുവരേണ്ടതും താങ്കള് ഫാമിലി ആന്റ് പ്രൊട്ടക്ടീവ് സർവീസസ് ഡിപാർട്ട്മെന്റ് (ഇതില് ഇനിമേല് "ഡിപാർട്ട്മെന്റ്") നല്കുന്ന ഒരു ലൈസൻസ് ഉള്ള ആളോ ആയതിന് അപേക്ഷിച്ചിരിക്കുന്ന വ്യക്തിയോ ആയാല് ലൈസൻസ് നല്കുന്ന, പുതുക്കുന്ന, നിരസിക്കുന്ന അല്ലെങ്കില് റദ്ദാക്കുന്ന കാര്യത്തില് ഡിപാർട്ട്മെന്റ് താങ്കളെ മുമ്പ് നല്ലനടപ്പിന് വിധേയനായ വ്യക്തിയായി കണക്കാക്കുന്നതുമാണ്.

20_____ വർഷം __________________ മാസം ____________________________ തീയതി ഒപ്പുവച്ചിരിക്കുന്നു

_________________________________________________

അദ്ധ്യക്ഷത വഹിക്കുന്ന ജഡ്ജി

**ആൽക്കഹോള് ഉപയോഗം ഉൾപ്പെടുന്ന ചില കുറ്റകൃത്യങ്ങള് (ഡി.സി.പി. വകുപ്പ് 49.04 - 49.08), ലൈംഗിക കുറ്റവാളി എന്ന രജിസ്ട്രേഷന് ആവശ്യമായ കുറ്റകൃത്യങ്ങള് അല്ലെങ്കില് ഡി.സി.പി. വകുപ്പ് 42A.054 പ്രകാരം കൊടും കുറ്റകൃത്യമായി വിവരിച്ചിരിക്കുന്ന കുറ്റകൃത്യങ്ങള് എന്നിവയ്ക്ക് ശിക്ഷിക്കപ്പെട്ടിട്ടുള്ള പ്രതികൾക്ക് ഈ ശാസനത്തിന് അവകാശമില്ലാത്തതും ജഡ്ജിയില് നിന്നുള്ള നിയമപരമായ ഇളവിന് അർഹതയില്ലാത്തതുമാകുന്നു.**

**നമ്പർ. ____________________**

| | | |
|---|---|---|
| **സ്റ്റേറ്റ് ഓഫ് ടെക്സസ്** | § | **ടെക്സസ് ഫോർട്ട്** |
| **vs.** | § | **ബെൻഡ് കൗണ്ടി ദേശത്തെ ആറാം** |
| **____________________________** | § | **നമ്പര് നിയമ പ്രകാരം കൗണ്ടി നീതിന്യായ** |
| | | **കോടതി മുമ്പാകെ** |

**സമൂഹ മേൽനോട്ട ഉത്തരവ് നല്ലനടപ്പ്**
ORDER OF COMMUNITY SUPERVISION PROBATION

ഇന്നേ ദിവസം 20______ വർഷം ________________ മാസം ______________തീയതി പ്രതി സ്വയം (കൂടാതെ ______________________________ അഭിഭാഷകനോടൊപ്പം) വിവരണത്തില് ആരോപിക്കുന്ന _________________________________________________________________ എന്ന പെരുമാറ്റക്കുറ്റത്തിന്റെ കുറ്റസമ്മതം/ തർക്കമില്ലായ്മ കോടതി മുറിയില് രേഖപ്പെടുത്തിയിരിക്കുന്നു. കോടതി പ്രതിയുടെ കുറ്റസമ്മതം അംഗീകരിച്ചതിനു ശേഷം, പ്രതിയുടെയും സ്റ്റേറ്റിന്റെയും എല്ലാ തെളിവുകളും അഭിഭാഷകന്റെ വാദവും കേട്ടിട്ടുള്ളതും, വിവരണത്തില് ആരോപിക്കുന്ന പെരുമാറ്റദൂഷ്യം എന്ന കുറ്റം പ്രതി ചെയ്തിട്ടുണ്ട് എന്ന് കണ്ടെത്തിയിട്ടുള്ളതും, പ്രതിയുടെ ശിക്ഷ $_______ പിഴയും ഫോർട്ട് ബെൻഡ് കൗണ്ടി ജയിലില് _____________ ദിവസത്തെ തടവും, അവയോടനുബന്ധിച്ചുള്ള എല്ലാ ചെലവുകളും എന്ന് വിലയിരുത്തിയിട്ടുള്ളതുമാകുന്നു.

എന്നുവരികിലും വിചാരണയ്ക്ക് മുമ്പായി പ്രതി രേഖാമൂലവും കോടതിയില് പ്രതിജ്ഞ ചെയ്തും നല്ലനടപ്പിന് അപേക്ഷിച്ചിരുന്നതു പരിഗണിച്ചും, ഉചിതമായ പര്യാലോചനനയ്ക്കു ശേഷവും, നീതിക്കു വേണ്ടിയും പ്രതിയുടെയും സമൂഹത്തിന്റെയും ഉത്തമതാല്പര്യം കണക്കിലെടുത്തും പ്രതി ടെക്സസ് ക്രിമിനല് നടപടിക്രമം അനുസരിച്ചുള്ള നല്ല നടപ്പിന് അർഹനാണ് എന്ന് കോടതി ഇന്നേ ദിവസം കണ്ടെത്തിയിരിക്കുന്നു.

അതുകൊണ്ട് കോടതി, ഇതിനാല് പരിഗണിച്ച് ഉത്തരവിട്ട് വിധിക്കുന്നതെന്തെന്നാല് താഴെ പറയുന്നവ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി പ്രതിയെ ഇന്നേ ദിവസം മുതല് ______________________________ മാസ കാലയളവിലേക്ക് നല്ല നടപ്പിന് വിധിച്ചിട്ടുള്ളതുമാകുന്നു. അതായത് നല്ലനടപ്പ് കാലയളവില് പ്രതി:

1. ഈ സ്റ്റേറ്റിന്റെയോ മറ്റേതെങ്കിലും സ്റ്റേറ്റിന്റെയോ യുണൈറ്റഡ് സ്റ്റേറ്റ്സിന്റെയോ നിയമങ്ങൾക്കെതിരായ കുറ്റകൃത്യം ചെയ്യാന് പാടില്ല;

2. ഹാനികരവും ക്രൂരവുമായ ശീലങ്ങള് ഒഴിവാക്കണം. നിരോധിച്ചിട്ടുള്ള പദാർത്ഥങ്ങള്, അപകടകരമായ ലഹരി വസ്തുക്കള്, മരിജുവാന അല്ലെങ്കില് നിയമപരമായി താങ്കൾക്ക് പ്രത്യേകമായി നിർദേശിക്കപ്പെട്ടതല്ലാത്ത മരുന്നുകള് എന്നിവയുടെ ഉപയോഗം, കൈവശം വയ്ക്കല്, ഉപഭോഗം എന്നിവയില് നിന്നും താങ്കളെ വിലക്കിയിരിക്കുന്നു.
   - o ആൽക്കഹോളുള്ള പാനീയങ്ങളുടെ ഉപയോഗം, കൈവശം വയ്ക്കല്, ഉപഭോഗം എന്നിവയില് നിന്നും താങ്കളെ വിലക്കിയിരിക്കുന്നു;

3. അപകീർത്തികരമായതും അപകടകരമായ സ്വഭാവത്തോടെയുമുള്ള വ്യക്തികളെയും സ്ഥലങ്ങളെയും ഒഴിവാക്കുക (ലഹരി പാനീയങ്ങള് വില്ക്കുകയും വിളമ്പുകയും ചെയ്യുന്ന സ്ഥലങ്ങളിലേക്കുള്ള പതിവായ സന്ദർശനങ്ങള് ഉൾപ്പെടെ);

4. ഇതേ രീതിയിലും, കമ്മ്യൂണിറ്റി കറക്ഷന് ഓഫീസര് താങ്കൾക്ക് മറ്റൊരു ദിവസം നല്കുന്നതു വരെ ഓരോ മാസത്തിലെയും ഇതേ തീയതിയിലും സാധാരണ പ്രവൃത്തിസമയങ്ങളില് ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സൂപ്പർവിഷന് ആന്റ് കറക്ഷൻസ് ഡിപ്പാർട്ട്മെന്റ് മുമ്പാകെ താങ്കളെ നേരിട്ടോ കമ്മ്യൂണിറ്റി കറക്ഷൻസ് ഓഫീസർ നിർദേശിക്കുന്ന പ്രകാരമോ ഹാജരാക്കുക. ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സൂപ്പർവിഷന് ആന്റ് കറക്ഷൻസ് ഡിപ്പാർട്ട്മെന്റിന്റെ എല്ലാ നിയമങ്ങളും, നിയന്ത്രണങ്ങളും പാലിക്കുക;

5. കമ്മ്യൂണിറ്റി കറക്ഷൻസ് ഓഫീസറെ താങ്കളുടെ വാസസ്ഥലത്തോ ജോലിസ്ഥലത്തോ മറ്റെവിടെയെങ്കിലുമോ സന്ദർശിക്കാന് അനുവദിക്കുക;

6. ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സൂപ്പർവിഷന് ആന്റ് കറക്ഷൻസ് ഡിപ്പാർട്ട്മെന്റിന്റെ ചട്ടങ്ങളും നിയമങ്ങളും അനുസരിക്കുക. കുത്തഴിഞ്ഞ സ്വഭാവം, അസഭ്യ ഭാഷ, ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സൂപ്പർവിഷന് ആന്റ് കറക്ഷൻസ് ഡിപ്പാർട്ട്മെന്റില് ഹാജരാകുന്ന സമയം അവിടുത്തെ സമാധാനത്തിന് ഭംഗം വരുത്തുക എന്നിവ ചെയ്യാതിരിക്കുക;

7. അനുയോജ്യമായ ജോലിയില് കഴിയുന്നിടത്തോളം ആത്മാർത്ഥമായി പണിയെടുക്കുകയും ഓരോ റിപ്പാർട്ടിംഗ് ദിവസവും താങ്കളുടെ കമ്മ്യൂണിറ്റി കറക്ഷൻസ് ഓഫീസർക്ക് ജോലിയുടെ രേഖാമൂലമുള്ള തെളിവ് (ജോലി സുരക്ഷിതമാക്കുന്നതിനുള്ള ശ്രമങ്ങള് ഉൾപ്പെടെ) സമർപ്പിക്കുക. ജോലിയിലുള്ള ഏതൊരു മാറ്റവും 24 മണിക്കൂറിനുള്ളില് താങ്കളുടെ കമ്മ്യൂണിറ്റി കറക്ഷൻസ് ഓഫീസറെ അറിയിക്കണം;

8. സ്റ്റേറ്റ് വിടാനുള്ള രേഖാമൂലമുള്ള അനുവാദം കോടതിയില് നിന്നും താങ്കളുടെ കമ്മ്യൂണിറ്റി കറക്ഷൻസ് ഓഫീസര് മുഖാന്തരം ലഭിച്ചിട്ടില്ലായെങ്കില് സ്റ്റേറ്റ് ഓഫ് ടെക്സസിന്റെ പരിധിയില് തന്നെ തുടരുക. കോടതിയില് നിന്നും താങ്കളുടെ കമ്മ്യൂണിറ്റി കറക്ഷന് ഓഫീസര് മുഖാന്തരം രേഖാമൂലമുള്ള അനുമതി ലഭിച്ചില്ലായെങ്കില് താങ്കളുടെ വാസസ്ഥലം മാറാതിരിക്കുക;

9. താങ്കളുടെ ആശ്രിതരെ സഹായിക്കുകയും കോടതി ഉത്തരവിട്ടിട്ടുള്ള കുട്ടികളുടെ സഹായത്തിനായുള്ള എല്ലാ പണം ഒടുക്കലുകളിലും കൃത്യത പാലിക്കുകയും ചെയ്യുക. കുട്ടികളുടെ സഹായത്തിനായുള്ള പണം ഒടുക്കലുകളിലും നിഷ്കർഷിക്കുന്ന എല്ലാ കോടതി ഉത്തരവുകളുടെയും ഒരു പകർപ്പ് താങ്കളുടെ കമ്മ്യൂണിറ്റി കറക്ഷൻസ് ഓഫീസർക്ക് നല്കുക;

10. താങ്കളുടെ നല്ലനടപ്പ് കാലയളവില് ഇതേ ദിവസവും ഓരോ മാസത്തിലെയും ഇതേ തീയതിയിലും ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സൂപ്പർവിഷന് ആന്റ് കറക്ഷൻസ് ഡിപ്പാർട്ട്മെന്റിന്റെ സാധാരണ പ്രവൃത്തി സമയങ്ങളില് $50.00 ഫീസായി ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സൂപ്പർവിഷന് ആന്റ് കറക്ഷൻസ് ഡിപ്പാർട്ട്മെന്റില് അയയ്ക്കുക. എല്ലാ പണം അടയ്ക്കലുകളും മണി ഓർഡറിന്റെയോ ക്യാഷ് ചെക്കിന്റെയോ രൂപത്തിലായിരിക്കണം. വ്യക്തിയുടെ പേരിലുള്ള ചെക്കുകള് സ്വീകരിക്കുന്നതല്ല;

11. ഓരോ പ്രാവശ്യം റിപ്പോർട്ട് ചെയ്യുമ്പോഴും കൃത്യതയുള്ളതും പൂർണ്ണരൂപത്തിലുള്ളതുമായ ഒപ്പിട്ട "നല്ലനടപ്പ് കാലത്തെ കുറിച്ചുള്ള പ്രതിമാസ റിപ്പോർട്ട്" താങ്കളുടെ കമ്മ്യൂണിറ്റി കറക്ഷൻസ് ഓഫീസർക്ക് സമർപ്പിക്കുക;

12. ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സൂപ്പർവിഷന് ആന്റ് കറക്ഷൻസ് ഡിപ്പാർട്ട്മെന്റിന്റെ ആൽക്കഹോള് ലഹരിപദാർത്ഥ റാൻഡം പരിശോധനയ്ക്ക് താങ്കള് വിധേയനാകേണ്ടതാണ്. ടി. പരിശോധനയ്ക്കുള്ള ഫീസ് സാമ്പിൾ നല്കി പത്ത് (10) ദിവസത്തിനകം താങ്കള് ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സൂപ്പർവിഷന് ആന്റ് കറക്ഷൻസ് ഡിപ്പാർട്ട്മെന്റില് അടയ്ക്കേണ്ടതാണ്;

13. താങ്കളുടെ കോടതി ചെലവിലേക്കുള്ള തുക ഫോർട്ട് ബെൻഡ് കൗണ്ടി, കൗണ്ടി ക്ലർക്ക് മുമ്പാകെ $ ________________ ൽ, _________________________, 20______ തീയതിയിലോ അതിനു മുമ്പായോ അടയ്ക്കേണ്ടതാണ്;

14. താങ്കളുടെ പിഴയായ $ ________________ പ്രതിമാസം $ ________________ നിരക്കില് ഫോർട്ട് ബെൻഡ് കൗണ്ടിയിലെ കൗണ്ടി ക്ലർക്ക് മുഖാന്തരം അടയ്ക്കേണ്ടതാണ്, ആദ്യത്തെ ഗഡു 20_______ വർഷം ________________ മാസം ___________ തീയതിയിലോ അതിനു മുമ്പായിട്ടോ, അതിനുശേഷം മുഴുവന് പിഴയും അടഞ്ഞുതീരുന്നതു വരെ തുക ഓരോ മാസവും $ _______________ അതേ തീയതിയിലും അടയ്ക്കേണ്ടതാണ്;

15. നഷ്ടപരിഹാര തുകയായ $ __________, $ ____________ തുകയ്ക്കുള്ള തുല്യ തവണകളായി, ആദ്യ ഗഡു 20_________ വർഷം ______________ മാസം ______________ തീയതിയിലും തുടർന്നുള്ള തവണകള്, പൂർണ്ണമായി അടച്ച് തീരുന്നത് വരെ ഓരോ മാസത്തെയും അതേ തീയതിയിലും അടയ്ക്കേണ്ടതാണ്. ഈ പണമടയ്ക്കലുകള് ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സൂപ്പർവിഷന് ആന്റ് കറക്ഷൻസ് ഡിപ്പാർട്ട്മെന്റ് മുഖാന്തരം നടത്തേണ്ടതാണ്;

16. കോടതി നിയമിച്ച അഭിഭാഷകന്റെ ഫീസായ $ ________, പ്രതിമാസം $ _________ നിരക്കില് ഫോർട്ട് ബെൻഡ് കൗണ്ടിക്ക്, ആദ്യ ഗഡു 20________ വർഷം _________ മാസം __________ തീയതി മുതല് പൂർണ്ണമായി അടച്ചു തീരുന്നതു വരെ ഫോർട്ട് ബെൻഡ് കൗണ്ടിയിലെ കൗണ്ടി ക്ലർക്ക് മുഖാന്തരം തിരിച്ച് നല്കണം; അതേ തുക ഓരോ മാസത്തെയും അതേ തീയതിയിലും അടയ്ക്കേണ്ടതാണ്;

17. പ്രതി $50.00 ഒറ്റത്തവണയായി പ്രാദേശിക ക്രൈം സ്റ്റോപ്പേഴ്സ് / ഫോർട്ട് ബെൻഡ് കൗണ്ടി വിമൻസ് സെന്റർ / ഫോർട്ട് ബെൻഡ് പാർട്ട്ണർഷിപ്പ് ഫോർ യൂത്ത് പ്രോഗ്രാം / ബിഹൈൻഡ് ദ ബാഡ്ജ് ചാരിറ്റീസിനു നല്കണം. ടി തുക 20_______ വർഷം ________ തീയതി കുടിശികയാകുന്നതും ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സൂപ്പർവിഷന് ആന്റ് കറക്ഷൻസ ഡിപ്പാർട്ട്മെന്റ് വഴി പണം അടയ്ക്കേണ്ടതുമാണ്;

18. പ്രതി, ഫോർട്ട് ബെൻഡ് കൗണ്ടി ജയിലില് നല്ലനടപ്പിന്റെ ആനുകൂല്യമില്ലാതെ താഴെപ്പറയും പ്രകാരം ജയിലില് കഴിയേണ്ടതാണ്:

പെട്ടെന്ന് തുടങ്ങുന്നത് 20_____ വർഷം __________ മാസം __________ തീയതി അല്ലെങ്കില് വാരാന്ത്യത്തില് തുടങ്ങുന്നത് 20_____ വർഷം ___________ മാസം ___________തീയതി AM/PM ലൂടെ, 20______ വർഷം __________ മാസം ____________ തീയതി

AM/PM ലൂടെ എല്ലാ സേവനവും കഴിയുന്നതുവരെ അതിനുശേഷമുള്ള എല്ലാ വാരാന്ത്യത്തിലും തുടരും; അഥവാ വൈകുന്നേരങ്ങളില് തുടങ്ങുന്നത് 20__________ വര്ഷം ___________ മാസം _______തീയതി AM/PM, ലൂടെ അടുത്ത ദിവസം; മുഴുവന് സേവനവും കഴിയുന്നതു വരെ അതിനുശേഷമുള്ള എല്ലാ വൈകുന്നേരങ്ങളിലും തുടരും;

പ്രതി കൃത്യമായ തീയതിയിലും സമയത്തും ഫോര്ട്ട് ബെൻഡ് കൗണ്ടി ജയിലില് ഹാജരാകുന്നതില് വീഴ്ച്ചവരുത്തിയാല് പ്രതിയെ നോട്ടീസ് കൂടാതെ അറസ്റ്റ് ചെയ്യുന്നതിനുള്ള കാപിയാസ് പുറപ്പെടുവിക്കുന്നതും ശേഷിക്കുന്ന ജയിൽവാസം വാരാന്ത്യങ്ങളിലോ വൈകുന്നേരങ്ങളിലോ ആകാതെ പകരം ശിക്ഷാ കാലാവധി പൂർണ്ണമായി കഴിയുന്നത് വരെ മോചനമില്ലാതെ ആഴ്ച്ചകള് തോറും ആയിരിക്കും;

19. ഈ ഉത്തരവ് മുതല് 30 ദിവസത്തിനു മുമ്പായി ആഴ്ച്ചയില് നാല് മണിക്കൂർ/ മാസത്തില് പതിനാറ് മണിക്കൂറില് കുറയാത്ത നിരക്കില് സമൂഹ സേവന നഷ്ടപരിഹാര കോഓർഡിനേറ്റർ നിശ്ചയിച്ചതനുസരിച്ച് പ്രതി ___________ മണിക്കൂര് സമൂഹസേവന പ്രായശ്ചിത്തം പൂർത്തിയാക്കേണ്ടതാണ്. ടി മണിക്കൂറുകള് 20_________ വര്ഷം _______ മാസം _____________ തീയതിയോടെ പൂർത്തിയാക്കേണ്ടതാണ്;

20. ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സൂപ്പർവിഷന് ആന്റ് കറക്ഷൻസ് ഡിപ്പാർട്ട്മെന്റ് അംഗീകരിച്ചതും ടി സേവനങ്ങള് ചെയ്യുന്നതുമായ ഒരു ഏജൻസി വഴി, പ്രതി ആൽക്കഹോള് /ലഹരി മരുന്ന് നിർണ്ണയം ഈ ഉത്തരവ് മുതല് 30 ദിവസത്തിനകം പൂർത്തിയാക്കേണ്ടതാണ്. ചികിത്സ ആവശ്യമെന്ന് കണ്ടാല് പ്രതി എല്ലാ ചികിത്സാ നിർദേശവും പാലിക്കേണ്ടതും അംഗീകൃത ഏജൻസിയുടെ ചട്ടങ്ങളും നിയമങ്ങളും അനുസരിക്കേണ്ടതും ടി സേവനത്തിന് ആവശ്യമായി വന്ന എല്ലാ ചെലവുകളും ഒടുക്കേണ്ടതുമാണ്. പ്രതിയുടെ ഉപദേഷ്ടാവും കമ്മ്യൂണിറ്റി കറക്ഷൻസ് ഓഫീസറും എഴുതി നല്കിയതു പോലെ, വിജയകരമായി പൂർത്തിയാകുന്നത് വരെ പ്രതി ചികിത്സ തുടരേണ്ടതാണ്;

21. ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സൂപ്പർവിഷന് ആന്റ് കറക്ഷൻസ് ഡിപ്പാർട്ട്മെന്റ് അംഗീകരിച്ചതും അത്തരം സേവനങ്ങള് ചെയ്യുന്നതുമായ ഒരു ഏജൻസ് വഴി പ്രതി മാനസിക പരിശോധന ഈ ഉത്തരവ് മുതല് 30 ദിവസത്തിനകം പൂർത്തിയാക്കേണ്ടതാണ്. ചികിത്സ ആവശ്യമെന്നു കണ്ടാല് പ്രതി എല്ലാ ചികിത്സാ നിർദേശങ്ങളും പാലിക്കേണ്ടതും അംഗീകൃത ഏജൻസിയുടെ ചട്ടങ്ങളും നിയമങ്ങളും അനുസരിക്കേണ്ടതും ടി സേവനത്തിന് ആവശ്യമായി വരുന്ന എല്ലാ ചെലവുകളും വഹിക്കേണ്ടതുമാണ്. പ്രതിയുടെ ഉപദേഷ്ടാവും കമ്മ്യൂണിറ്റി കറക്ഷന്സ് ഓഫീസറും എഴുതിനല്കുന്നതു പോലെ വിജയകരമായി പൂർത്തിയാകുന്നതു വരെ പ്രതി ചികിത്സയില് തുടരേണ്ടതാണ്;

22. ഈ ഉത്തരവ് മുതല് 30 ദിവസത്തിനകം ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സൂപ്പർവിഷന് ആന്റ് കറക്ഷൻസ് ഡിപ്പാർട്ട്മെന്റിന്റെ "ലിറ്ററസി ലാബ്" വഴി നൈപുണ്യ നിർണ്ണയം പ്രതി പൂർത്തിയാക്കണം. ഖണ്ഡം 42.12, വകുപ്പ് 11 (c) അനുശാസിക്കുന്ന ശരാശരി വൈദഗ്ധ്യം ഇല്ലെങ്കില് ഈ കോടതിയിലെ ജഡ്ജി അംഗീകരിച്ചതു പ്രകാരം ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സൂപ്പർവിഷന് ആന്റ് കറക്ഷൻസ് ഡിപ്പാർട്ട്മെന്റ് നിർദേശിക്കുന്നതനുസരിച്ച് പ്രതി ആവശ്യമായ വൈദഗ്ധ്യം ലഭിക്കുന്നത് വരെ സാക്ഷരതാ പരിപാടിയില് പങ്കെടുക്കേണ്ടതാണ്;

23. ഉടന് തന്നെ അടയ്ക്കുന്നതിനു പകരം പിഴ, കോടതി ചെലവുകള് അല്ലെങ്കില് അഭിഭാഷകന്റെ ഫീസ് എന്നിവ ഈ ഉത്തരവിന് 30 ദിവസത്തിനു ശേഷം ഒടുക്കുവാന് പ്രതി തീരുമാനിച്ചാല് $2.50 ഫോർട്ട് ബെൻഡ് കൗണ്ടിയുടെ കൗണ്ടി ക്ലർക്കിന് നല്കണം;

24. ഈ ഉത്തരവ് മുതല് ________ ദിവസത്തിനകം പ്രതി ഇരയായ ആൾക്ക് ഒരു മാപ്പപേക്ഷ എഴുതി ഫോർട്ട് ബെൻഡ് കൗണ്ടി ഓഫീസര് മുമ്പാകെ സമർപ്പിച്ച് അനുവാദം വാങ്ങണം;

25. രണ്ട് വർഷത്തില് കുറയാത്തതും കമ്മ്യൂണിറ്റി സൂപ്പർവിഷന് ആന്റ് കറക്ഷൻസ് ഡിപ്പാർട്ട്മെന്റ് തീരുമാനിക്കുന്നതുമായ കാലയളവില് പ്രതി ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സൂപ്പർവിഷന് ആന്റ് കറക്ഷൻസ് ഡിപ്പാർട്ട്മെന്റിന്റെ ( ) മാനസിക വൈകല്യം; കൗമാര കുറ്റവാളി; ( ) പദാർത്ഥങ്ങളുടെ ദുരുപയോഗം; ( ) ലൈംഗിക കുറ്റവാളി തുടങ്ങിയ പരിപാടികളില് പങ്കെടുക്കേണ്ടതാണ്;

26. ______________________ ആയി വ്യക്തിപരമായോ, ഇലക്ട്രോണിക് ആശയവിനിമയത്തിലൂടെയോ, എഴുത്തുകുത്തുകളിലൂടെയോ മൂന്നാം കക്ഷിയിലൂടെയോ **ബന്ധപ്പെടാന് പാടില്ല**.

27. ____________________________________________________________________________________ ____
____________________________________________________________________________________

ഈ സ്റ്റേറ്റിന്റെ നിയമങ്ങളനുസരിച്ച് കോടതി നല്ല നടപ്പിന്റെ വ്യവസ്ഥകളും നിബന്ധനകളും തീരുമാനിക്കുമെന്നുള്ളതും നല്ലനടപ്പ് കാലയളവില് നല്ല നടപ്പിന്റെ വ്യവസ്ഥകൾക്ക് ഭേദഗതി വരുത്തുകയോ മാറ്റം വരുത്തുകയോ ചെയ്യാവുന്നതുമാണെന്ന് താങ്കളെ ഇതിനാല് ബോദ്ധ്യപ്പെടുത്തുന്നു.

പ്രതിയായ ഞാന് നല്ലനടപ്പിന്റെ വ്യവസ്ഥകളുടെ ഒരു പകർപ്പ് എനിക്ക് ലഭിച്ചിട്ടുണ്ടെന്നും എന്റെ അഭിഭാഷകന് ടി വ്യവസ്ഥകള് എനിക്ക് വിശദീകരിച്ച് തന്നിട്ടുള്ളതാണെന്നും നല്ലനടപ്പിന്റെ വ്യവസ്ഥകള് ഞാന് മനസ്സിലാക്കിയിട്ടുണ്ടെന്നും ഇതിനാല് അറിയിച്ചുകൊള്ളുന്നു. 20_____ വർഷം _______________ മാസം ____________ തീയതി ഒപ്പ് വച്ചിരിക്കുന്നു.

__________________________________________
അദ്ധ്യക്ഷത വഹിച്ച ജഡ്ജി

_______________________________________________
പ്രതിയുടെ വലത് പെരുവിരലടയാളം

__________________________________________
പ്രതിയുടെ ഒപ്പ്/തീയതി

എടുത്തത്:

_______________________________________________
പേര്/പദവി/തീയതി

ഞാന് നല്ലനടപ്പിന്റെ വ്യവസ്ഥകള് പ്രതിക്ക് വിവരിച്ച് കൊടുത്തിട്ടുള്ളതും പ്രതി മനസ്സിലാക്കിയിട്ടുള്ളതുമാകുന്നു

_______________________________________________
പ്രതിയുടെ അഭിഭാഷകൻ/തീയതി

__________________________________________
അസിസ്റ്റന്റ് ജില്ലാ അറ്റോർണി/തീയതി

## കമ്മ്യൂണിറ്റി സൂപ്പർവിഷൻ നിബന്ധനകൾക്കുള്ള പ്രത്യേക അനുബന്ധം
## SPECIAL ADDENDUM TO TERMS OF COMMUNITY SUPERVISION

____________ കണ്ടീഷൻ എ. ലഹരിയിലായിരിക്കുമ്പോഴോ കൂടാതെ/അല്ലെങ്കിൽ നിയമവിരുദ്ധമായ പദാർത്ഥങ്ങളുടെ ഉപയോഗത്തിൽ ഏർപ്പെടുമ്പോഴോ വാഹനം ഡ്രൈവ് ചെയ്തവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി പൊതുസുരക്ഷാ വകുപ്പിന്റെ ടെക്സസ് കമ്മീഷൻ ഓഫ് ആൽക്കഹോൾ ആൻഡ് ഡ്രഗ് അബ്യൂസും നിങ്ങളുടെ കമ്മ്യൂണിറ്റി സൂപ്പർവിഷൻ ഓഫീസറും സംയുക്തമായി അംഗീകരിച്ച ചുവടെ ചേർത്തിരിക്കുന്ന വിദ്യാഭ്യാസ പദ്ധതികളായ () **ടെക്സസ് ഡി.ഡബ്ലിയു.ഐ വിദ്യാഭ്യാസ പരിപാടി; ടെക്സസ് ഡി.ഡബ്ലിയു.ഐ ഇൻറർവെൻഷൻ റിപ്പീറ്റ് ഒഫൻഡർ പരിപാടി**; () **ടെക്സസ് ഡി.ഡബ്ലിയു.ഐ ഡ്രഗ് ഒഫൻഡർ വിദ്യാഭ്യാസ പരിപാടി** എന്നിവയിൽ ഒന്നിൽ ഈ ഉത്തരവിന്റെ തീയതി മുതൽ 180 ദിവസങ്ങൾക്കുള്ളിൽ പ്രതി പങ്കെടുക്കുകയും അത് വിജയകരമായി പൂർത്തിയാക്കുകയും പരിപാടിയുടെ ചിലവുകൾക്ക് ഉത്തരവാദിയായിരിക്കുകയും ചെയ്യുക, ഒപ്പം ഹാജരായതിന് തൃപ്തികരമായ രേഖാമൂലമുള്ള തെളിവ് നിങ്ങളുടെ ഓഫീസർക്ക് നൽകുക;

__________ കണ്ടീഷൻ ബി. ഉപയോഗിക്കുന്നതിനായി പൊതു സുരക്ഷാ വകുപ്പ് അംഗീകരിച്ച ഒരു കമ്പനിയിൽ നിന്ന് ക്യാമറയോടുകൂടി സജ്ജീകരിച്ചിരിക്കുന്ന ഒരു ഇഗ്നിഷൻ ഇന്റർലോക്ക് ഉപകരണം പ്രതി സ്വന്തമാക്കുകയും സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യണം. കോഡ് ഓഫ് ക്രിമിനൽ പ്രൊസീജിയർ ആർട്ടിക്കിൾ 42.12 സെക്ഷൻ 13 (i) പ്രകാരം നൽകപ്പെട്ടിട്ടുള്ളതൊഴികെ, ഈ ഉത്തരവ് പുറപ്പെടുവിച്ച് 30 ദിവസങ്ങൾക്കുള്ളിൽ പ്രതി പ്രവർത്തിപ്പിക്കുന്ന ഓരോ വാഹനത്തിലും ഇന്റർലോക്ക് ഉപകരണം സ്ഥാപിച്ചിരിക്കണം, കൂടാതെ ആൽക്കഹോൾ ഇന്റർലോക്ക് ഉപകരണത്തിന്റെ എല്ലാ ഫീസും ചെലവുകളും _______________ മാസ കാലയളവിൽ നല്കിയിരിക്കണം. മാത്രമല്ല, മേപ്പടി ആൽക്കഹോൾ ഇന്റർലോക്ക് ഉപകരണത്തിന്റെ ലഭ്യത, സ്ഥാപിക്കൽ, പരിപാലനം, ഉപയോഗം എന്നിവയെ സംബന്ധിച്ചിടത്തോളം പ്രതി എല്ലാ നിയമങ്ങളും ചട്ടങ്ങളും പാലിക്കണം. കമ്മ്യൂണിറ്റി മേൽനോട്ട വകുപ്പിന് അവർ ആവശ്യപ്പെടുന്ന മുറയ്ക്ക് ഇന്റർലോക്ക് ഉപകരണം പ്രദർശിപ്പിക്കാമെന്നും പ്രതി സമ്മതിക്കുന്നു;

☐ പ്രതിക്ക് സാധുവായ ഒരു ഡ്രൈവിംഗ് ലൈസൻസോ അല്ലെങ്കിൽ പ്രവർത്തനക്ഷമമായ ഒരു മോട്ടോർ വാഹനമോ ഇല്ല എങ്കിൽ കണ്ടീഷൻ എച്ച്-ൽ പറയുന്ന കാര്യങ്ങൾ ആവശ്യമാണ്, കൂടാതെ കണ്ടീഷൻ ബി-യുടെ അതേ കാലയളവിൽ ആയത് നടപ്പിലാക്കപ്പെടുകയും ചെയ്യും.

___________കണ്ടീഷൻ സി. ഈ ഉത്തരവിന്റെ തീയതി മുതൽ 60 ദിവസങ്ങൾക്കുള്ളിൽ, ടെക്സസ് ഡിപ്പാർട്ട്മെന്റ് ഓഫ് പബ്ലിക് സേഫ്റ്റിയിൽ നിന്നും ഡീപ്പ്-ലംഗ് ബ്രീത്ത് അനാലിസിസ് മെക്കാനിസം സജ്ജീകരിച്ച മോട്ടോർ വാഹനം ഓടിക്കാൻ അനുവദിക്കുന്ന **നിയന്ത്രിത ഡ്രൈവിംഗ് ലൈസൻസ്** നേടിയതിന്റെ തെളിവ് നൽകണം, പറഞ്ഞ തീയതി പ്രകാരം പ്രതിക്ക് അത് സമർപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ, തന്റെ നിലവിലെ ഡ്രൈവിംഗ് ലൈസൻസ് നിയുക്ത കമ്മ്യൂണിറ്റി സൂപ്പർവിഷൻ ഓഫീസർക്ക് ഉടൻ തന്നെ പ്രതി സമർപ്പിക്കണം, കൂടാതെ നിയന്ത്രിത ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതുവരെ ഡ്രൈവിംഗ് നടത്താനുള്ള അവകാശങ്ങൾ സസ്പെൻഡ് ചെയ്യും;

_________ കണ്ടീഷൻ ഡി. ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സൂപ്പർവിഷൻ ആൻഡ് കറക്ഷൻസ് ഡിപ്പാർട്ട്മെന്റിന്റെ നിർദ്ദേശപ്രകാരം പ്രതി ആഴ്ചയിലൊരിക്കൽ __________ മാസത്തേക്ക് **ആൽക്കഹോളിക്സ് അനോണിമസ്/എൻഎ/സിഎ** യോഗങ്ങളിൽ പങ്കെടുക്കുകയും ഓരോ ഓഫീസ് സന്ദർശനത്തിലും സൂപ്പർവൈസിംഗ് ഓഫീസർക്ക് അതിൽ പങ്കെടുത്തതിന്റെ തെളിവ് നൽകുകയും ചെയ്യും;

__________ കണ്ടീഷൻ ഇ. ഈ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ 180 ദിവസങ്ങൾക്കുള്ളിൽ ഫോർട്ട് ബെൻഡ് കമ്മ്യൂണിറ്റി കറക്ഷൻസ് ഓഫീസർ അംഗീകരിച്ച ഒരു ഏജൻസി നടത്തുന്ന "**വിക്റ്റിം ഇംപാക്റ്റ് പാനൽ**" പരിപാടിയിൽ പ്രതി പങ്കെടുത്ത് അത് പൂർത്തിയാക്കുകയും ആവശ്യമായ ഫീസ് അടയ്ക്കുകയും ചെയ്യും;

__________ കണ്ടീഷൻ എഫ്. ഈ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ 90 ദിവസങ്ങൾക്കുള്ളിൽ ഫോർട്ട് ബെൻഡ്

കമ്മ്യൂണിറ്റി കറക്ഷൻസ് ഡിപ്പാർട്ട്മെന്റ് മുഖേന "**പ്രിസൺ ഡെറ്ററൻസ് വിദ്യാഭ്യാസ പരിപാടിയിൽ**" പ്രതി ഹാജരാകുകയും പങ്കെടുക്കുകയും വിജയകരമായി അത് പൂർത്തിയാക്കുകയും വേണം.

__________ കണ്ടീഷൻ ജി. ഈ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ 60 ദിവസങ്ങൾക്കുള്ളിൽ ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സൂപ്പർവിഷൻ ആൻഡ് കറക്ഷൻസ് ഡിപ്പാർട്ട്മെന്റിന്റെ നിർദ്ദേശപ്രകാരം പ്രതി ഇനിപ്പറയുന്ന പ്രോഗ്രാമി (മുകൾ)- ൽ ഹാജരാകുകയും പങ്കെടുക്കുകയും വിജയകരമായി പൂർത്തിയാക്കുകയും സഹായ പരിപാടി ആരംഭിക്കുകയും ചെയ്യും;

- ☐ **ഡൊമെസ്റ്റിക് വയലൻസ്** ______________________ ദിവസങ്ങൾക്കുള്ളിൽ പ്രോഗ്രാം പൂർത്തിയാക്കുക
- ☐ **ആംഗർ വയലൻസ്** ______________________ ദിവസങ്ങൾക്കുള്ളിൽ പ്രോഗ്രാം പൂർത്തിയാക്കുക
- ☐ **ആന്റി തെഫ്റ്റ്** ______________________ ദിവസങ്ങൾക്കുള്ളിൽ പ്രോഗ്രാം പൂർത്തിയാക്കുക

__________ കണ്ടീഷൻ എച്ച്. ഈ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ 30 ദിവസങ്ങൾക്കുള്ളിൽ ഫോർട്ട് ബെൻഡ് കമ്മ്യൂണിറ്റി കറക്ഷൻസ് ഓഫീസർ അംഗീകരിച്ച കമ്പനിയിൽ നിന്ന് ഒരു **ഇൻ-ഹോം ഇന്റർലോക്ക് ഉപകരണം** ______________________ ദിവസം തൊട്ട് _________________, 20______ ദിവസം വരെ പ്രതി തന്റെ വീട്ടില് സ്ഥാപിക്കുകയും അതിന്റെ ചിലവ് പ്രതി വഹിക്കുകയും ചെയ്യും. പ്രസ്തുത പ്രോഗ്രാമിന്റെ എല്ലാ നിയമങ്ങളും ചട്ടങ്ങളും പ്രതി പാലിക്കേണ്ടതാണ്;

__________ കണ്ടീഷൻ ഐ. ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സൂപ്പർവിഷൻ ആൻഡ് കറക്ഷൻസ് ഡിപ്പാർട്ട്മെന്റിന്റെ മേൽനോട്ടത്തിൽ __________, 20___________ മുതൽ ______________ ദിവസം വരെ ഇനിപ്പറയുന്ന ______________________________________________________________ വിലാസത്തിൽ **ഇലക്ട്രോണിക് സാറ്റലൈറ്റ് നിരീക്ഷണത്തിന്** കീഴിൽ പ്രതി വീട്ടുതടങ്കലിൽ തുടരും:, കൂടാതെ ഇനിപ്പറയുന്ന സാഹചര്യങ്ങളിൽ ഒഴികെ എല്ലാ സമയത്തും അവിടെത്തന്നെ തുടരുകയും ചെയ്യും: അതായത് (1) തൊഴിൽ കൂടാതെ അല്ലെങ്കിൽ കൗൺസിലിംഗ് എന്നിവയ്ക്കായി കമ്മ്യൂണിറ്റി കറക്ഷൻസ് ഓഫീസറുടെ അനുമതി തേടുന്നതിന്, അല്ലെങ്കിൽ (2) നിശ്ചയിച്ച പ്രകാരം കമ്മ്യൂണിറ്റി കറക്ഷൻസ് ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുന്നതിന്; ഇതിലേക്ക് ആവശ്യമായ എല്ലാ ചെലവുകളും നിക്ഷേപങ്ങളും പ്രതി ഈ വകുപ്പിന് നൽകണം;

__________ കണ്ടീഷൻ ജെ. ജോലി ചെയ്യുമ്പോഴും നിങ്ങളുടെ കമ്മ്യൂണിറ്റി കറക്ഷൻസ് ഓഫീസർക്ക് മുൻകൂട്ടി തെളിവ് നൽകുമ്പോഴും ഒഴികെ രാവിലെ ___________ മണി തൊട്ട് വൈകിട്ട് ________, 20______ വരെ പ്രതി **ഹോം കർഫ്യൂ** അനുസരിച്ചിരിക്കണം.

സ്പെഷ്യൽ അഡൻഡം ഓഫ് കണ്ടീഷൻസ് ഓഫ് പ്രൊബേഷന്റെ ഒരു പകർപ്പ് എനിക്ക് ലഭിച്ചുവെന്ന് പ്രതിയായ ഞാൻ സമ്മതിക്കുന്നു, എന്റെ അഭിഭാഷകൻ ഈ വ്യവസ്ഥകൾ വിശദീകരിച്ചതനുസരിച്ച് ഞാൻ പ്രൊബേഷന്റെ വ്യവസ്ഥകൾ മനസ്സിലാക്കുന്നു.

ഇത് ഇന്നേ ദിവസം _________________________, 20 ____________ തീയതി വച്ച് ഒപ്പിട്ടു

______________________________________ ______________________________________

പ്രതിയുടെ ഒപ്പ് തീയതി പ്രതിഭാഗം അഭിഭാഷകൻ തീയതി

______________________________________

പ്രിസൈഡിംഗ് ജഡ്ജി തീയതി

**കോസ് നമ്പര്.____________________**

| | | |
|---|---|---|
| **സ്റ്റേറ്റ് ഓഫ് ടെക്സസ്** | § | **ടെക്സസ് ഫോർട്ട്** |
| | § | **ബെൻഡ്** കൗണ്ടി **ദേശത്തെ** ____ |
| vs. | § | **നമ്പര് നിയമ നീതിന്യായ** |
| ________________________________ | § | **കോടതി മുമ്പാകെ** |

**കുറ്റസമ്മതത്തിന്റെ കുടിയേറ്റ പ്രത്യാഘാതങ്ങൾ അംഗീകരിക്കല്**

ACKNOWLEDGMENT REGARDING IMMIGRATION CONSEQUENCES OF A GUILTY PLEA

മുകളില് പരാമർശിച്ചിരിക്കുന്ന വിഷയത്തിലെ പ്രതിയായ ________________________ _______എന്ന ഞാന്, യുണൈറ്റഡ് സ്റ്റേറ്റ്സിലെ ഒരു പൗരന് അല്ല എന്ന് സാക്ഷ്യപ്പെടുത്തുന്നു. ഈ കേസില് കുറ്റസമ്മതം നടത്തുകയോ തർക്കിക്കാതിരിക്കുകയോ ചെയ്താലുള്ള പ്രത്യാഘാതങ്ങളിലെ ഫെഡറല് നിയമത്തിന്റെ പ്രായോഗികതയെ കുറിച്ച് എന്റെ അഭിഭാഷകനോ ഒരു വിദേശ അഭിഭാഷകനോ എന്നെ ബോധവാനാക്കിയിരുന്നുവെന്ന് ഞാന് ഉറപ്പിച്ച് പറയുന്നു. ചുവടെയുള്ള എന്റെ ഒപ്പിലൂടെ താഴെ വിവരിച്ചിട്ടുള്ള ഫെഡറല് നിയമത്തിന്റെ പ്രയോഗത്തെ ഞാന് അംഗീകരിക്കുന്നു; ഈ കേസിലെ കുറ്റത്തിനുള്ള എന്റെ വാദത്തിന്റെ നിയമവും അനന്തരഫലങ്ങളും ഞാന് മനസ്സിലാക്കുകയും ഈ കേസിലെ എന്റെ വാദത്തില് വിവേകപൂർവ്വം, അറിവോടെ, സ്വമനസ്സാലെ ഉറച്ചുനിൽക്കുകയും ചെയ്യുന്നു.

**എല്ലാ കുറ്റസമ്മതങ്ങളും കുടിയേറ്റ കാര്യങ്ങളില് ശിക്ഷകളാണ്.**

കുടിയേറ്റ പൗരത്വ നിയമപ്രകാരം പിഴ ചുമത്താവുന്ന എല്ലാ കുറ്റസമ്മതവും ശിക്ഷയാണ്. അതായത് കുടിയേറ്റ കാര്യങ്ങൾക്ക്, നീട്ടിവയ്ക്കാവുന്ന വിധിനിർണ്ണയം പോലും ഒരു ശിക്ഷയാണ്.

**യുണൈറ്റഡ് സ്റ്റേറ്റ്സിലെ പൗരത്വമില്ലാത്ത എല്ലാ വ്യക്തികളും കുടിയേറ്റ പ്രത്യാഘാതങ്ങൾക്ക് അധീനരാണ്.**

യുണൈറ്റഡ് സ്റ്റേറ്റ്സിലെ പൗരന്മാരല്ലാത്ത എല്ലാ വ്യക്തികളും യുണൈറ്റഡ് സ്റ്റേറ്റ്സില് നിന്നുള്ള സംഭാവ്യമായ നീക്കം ചെയ്യലിന് വിധേയരാണ്.

യുണൈറ്റഡ് സ്റ്റേറ്റ്സില് നിന്നുള്ള നീക്കം ചെയ്യലിന് അധീനരായ തരം ആൾക്കാരില് ചുവടെ പറയുന്നവര് ഉൾപ്പെടുകയും, എന്നാല് അവരില് മാത്രം പരിമിതപ്പെടാതിരിക്കുകയും ചെയ്യുന്നു.

- നിയമപ്രകാരമുള്ള സ്ഥിരം താമസക്കാര് (അതായത് ഗ്രീന് കാർഡുള്ളവര്);

- നിയമപ്രകാരം പ്രവേശിപ്പിക്കപ്പെട്ട, വിസ കൈവശമുള്ള, വ്യക്തികള്;
- പരിശോധന കൂടാതെ പ്രവേശിച്ച വ്യക്തികൾ; കൂടാതെ
- യുണൈറ്റഡ് സ്റ്റേറ്റ്സിലെ പൗരന്മാരല്ലാത്ത മറ്റെല്ലാ വ്യക്തികളും.

**ബാധകമായ ഫെഡറല് നിയമം**

എനിക്ക് വിശദീകരിച്ചുതന്ന ഫെഡറല് നിയമങ്ങളില് ചുവടെ പറയുന്നവ ഉൾപ്പെടുകയും, എന്നാല് അവയില് മാത്രം പരിമിതപ്പെടാതിരിക്കുകയും ചെയ്യുന്നു: (1) 8 യു.എസ്.സി. അദ്ധ്യായം 12, ഉപഅദ്ധ്യായം 2 - കുടിയേറ്റം; (2) 8 യു.എസ്.സി.§1227 - നാടുകടത്താവുന്ന വിദേശികള്; (3) 8 യു.എസ്.സി.§12296 - നീക്കം ചെയ്യല് റദ്ദാക്കല്; പദവിയുടെ ക്രമീകരണം; (4) 8 യു.എസ്.സി. §1182 അനുവദനീയമല്ലാത്ത വിദേശികള്.

**പ്രതിയുടെ അംഗീകരിക്കല്**

ഞാന് വീണ്ടും ഉറപ്പ് വരുത്തുന്നതെന്തെന്നാല് ബാധകമായ ഫെഡറല് നിയമം ഉണ്ടെന്നിരിക്കിലും ഞാന് എന്റെ കുറ്റസമ്മതത്തിൽ/തർക്കിക്കാതിരിക്കുന്നതില് തന്നെ ഉറച്ചുനിൽക്കും, എന്തുകൊണ്ടെന്നാല് ഈ കേസില് രേഖപ്പെടുത്തിയിരിക്കുന്ന നിയമപ്രകാരമുള്ള എന്റെ കുറ്റസമ്മതം സത്യവും വാദത്തിന്റെ ശുപാർശ എനിക്ക് ഉചിതവും സ്വീകാര്യവുമാണ്, ആയതിന്റെ ഫലമായി ഫെഡറല് നിയമപ്രകാരമുള്ള നാടുകടത്തല്, ഈ രാജ്യത്ത് പ്രവേശിക്കുന്നതില് നിന്നുമുള്ള ഒഴിവാക്കല് വിദേശികൾക്ക് പൗരത്വം നൽകുന്നത് നിരസിക്കുക തുടങ്ങിയവ ഉറപ്പായിരുന്നാല് പോലും.

______________________________ ______________________

പ്രതി തീയതി

**അഭിഭാഷകന്റെ ഉറപ്പ്:**

എന്റെ കക്ഷിയുടെ കുറ്റസമ്മതത്തിന്റെ അല്ലെങ്കില് തർക്കമില്ലായ്മയുടെ കുടിയേറ്റ പ്രത്യാഘാതങ്ങള് നിർവചിക്കുന്ന യുണൈറ്റഡ് സ്റ്റേറ്റ്സ് കോഡിന്റെ ശീർഷകം 8ല് ക്രോഡീകരിച്ചിരിക്കുന്ന കുടിയേറ്റ പൗരത്വ നിയമത്തിന്റെ പ്രസക്തമായ വകുപ്പുകളെക്കുറിച്ച് ഞാന് പരിചിതനാണ് അഥവാ മുകളില് പറഞ്ഞിരിക്കുന്ന കോഡിനെപ്പറ്റി അറിയാവുന്ന ഒരു അഭിഭാഷകനോട് ഞാന് അഭിപ്രായം ആരാഞ്ഞിരുന്നു അഥവാ മുകളില് പറഞ്ഞിരിക്കുന്ന കോഡിനെപ്പറ്റി അറിയാവുന്ന ഒരു കുടിയേറ്റ അഭിഭാഷകനുമായി എന്റെ കക്ഷി കൂടിയാലോചിച്ചിരുന്നു. താഴെ ഒപ്പിട്ടിരിക്കുന്ന വ്യക്തി ടി പ്രത്യാഘാതങ്ങളെ കുറിച്ച് പ്രതിക്ക് വിശദീകരിച്ചു കൊടുത്തിരുന്നതും പ്രതി ആയത് പൂർണ്ണമായും മനസ്സിലാക്കുന്നതായി വിശ്വസിക്കുന്നതും, സ്വതന്ത്രമായും സ്വമനസ്സാലെയും ഈ വാദം രേഖപ്പെടുത്തുന്നതുമാകുന്നു.

______________________________ ______________________________

അഭിഭാഷന്റെ/കുടിയേറ്റ അഭിഭാഷകന്റെ പേര് (ദയവായി അച്ചടിക്കുക)

പ്രതിയുടെ അഭിഭാഷകന്റെ ഒപ്പ്/തീയതി

ഈ പത്രം ഇംഗ്ലീഷില് നിന്നും ____________________________________ലേക്ക് പദാനുപദം വിവർത്തനം ചെയ്തിരിക്കുന്നത്

______________________________________ ________________________________

ദ്വിഭാഷിയുടെ പേര് (ദയവായി അച്ചടിക്കുക)

ദ്വിഭാഷിയുടെ ഒപ്പ്

കോസ് നമ്പർ ______________________________

കമ്മ്യൂണിറ്റി മേൽനോട്ട നിബന്ധനകളിലേക്കുള്ള പ്രത്യേക അനുബന്ധം

Special Addendum to Terms of Community Supervision

_______കണ്ടീഷൻ എ.എ.: പ്രതിയുടെ മേൽനോട്ട കാലാവധി __________ മാസത്തേക്ക് വർദ്ധിപ്പിക്കുന്നതാണ്. മേൽനോട്ടത്തിന്റെ വർദ്ധിപ്പിച്ച കാലാവധി ഈ തീയതിയില് ആരംഭിക്കുകയും മുൻകൂട്ടി നിശ്ചയിച്ചപ്രകാരം പ്രസ്തുത മേൽനോട്ടം അവസാനിപ്പിക്കുന്നത് ______20______ തീയതിയിൽ ആയിരിക്കും.

_____x__കണ്ടീഷൻ ബിബി: ഫോർട്ട് ബെൻഡ് കൗണ്ടി ഡി.ഡബ്ല്യൂ.ഐ. കോർട്ട് പ്രോഗ്രാമിൽ പ്രതി ഹാജരാകുകയും, പങ്കെടുക്കുകയും, വിജയകരമായി അത് പൂർത്തിയാക്കുകയും ചെയ്യും.

_x______കണ്ടീഷൻ സിസി: ലഹരിമരുന്ന് ദുരുപയോഗത്തിന്റെ ഔപചാരിക വിലയിരുത്തൽ പൂർത്തിയാക്കാനും ഡി.ഡബ്ല്യൂ.ഐ കോർട്ട് പ്രോഗ്രാമിനായി വികസിപ്പിച്ച മൂന്ന് ഘട്ട ചികിത്സാ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ചികിത്സാ നിർദ്ദേശങ്ങളും പാലിക്കാനും പ്രതി തയ്യാറാവേണ്ടതാണ്. നിയുക്ത ചികിത്സാ പദ്ധതിയുമായി ബന്ധപ്പെട്ട ഫീസ് അടയ്ക്കേണ്ടത് പ്രതിയുടെ ഉത്തരവാദിത്തമായിരിക്കും.

_______കണ്ടീഷൻ ഡിഡി: ഫോർട്ട് ബെൻഡ് സി.എസ്.സി.ഡി വഴി ആൽക്കഹോള് മോണിറ്ററിംഗ് സിസ്റ്റങ്ങള് മുഖേനയുള്ള ആൽക്കഹോള് മോണിറ്ററിംഗിന് __________ ദിവസം കാലാവധിക്ക് പ്രതി വിധേയനാകേണ്ടതുണ്ട്. മോണിറ്ററിംഗുമായി ബന്ധപ്പെട്ട ഫീസ് പ്രതിയുടെ ഉത്തരവാദിത്തമായിരിക്കും.

_______കണ്ടീഷൻ ഇഇ: ഡി..ഡബ്ല്യൂ.ഐ. കോടതി പ്രോഗ്രാമിലെ നിയുക്ത കൗൺസിലറുടെ നിർദ്ദേശപ്രകാരം പ്രതികൾ ആൽക്കഹോളിക്സ് അനോണിമസ് മീറ്റിംഗുകളിൽ ഹാജരാകുകയും പങ്കെടുക്കുകയും ചെയ്യേണ്ടതാണ്. ഒപ്പം അവരുടെ മേൽനോട്ട ഉദ്യോഗസ്ഥർക്ക് അതിന്റെ രേഖാമൂലമുള്ള ദൃഢീകരണം നൽകുകയും വേണം.

_x______കണ്ടീഷൻ എഫ്എഫ്: നിർദ്ദേശിച്ച പ്രകാരം ഡി.ഡബ്ല്യൂ.ഐ കോടതി ചികിത്സാ പദ്ധതിയുടെ 2, 3 ഘട്ടങ്ങളിൽ ഒരു തവണ വിക്റ്റിം ഇംപാക്റ്റ് പാനലിൽ പ്രതി പങ്കെടുക്കേണ്ടതുണ്ട്.

_______കണ്ടീഷൻ ജിജി: പ്രോഗ്രാം സാങ്ഷനുകള് ആവശ്യമെങ്കിൽ പ്രതിയുടെ നിയുക്ത മേൽനോട്ട ഫീസ് റദ്ദുചെയ്യുകയും നടപ്പാക്കുകയും ചെയ്യും.

_____x__കണ്ടീഷൻ എച്ച്എച്ച്: കോടതിയുടെ നിർദ്ദേശപ്രകാരം പ്രതിയുടെ നൂറ് (100) കമ്മ്യൂണിറ്റി സേവന മണിക്കൂറുകള് വിലയിരുത്തും. പ്രോഗ്രാം സാങ്ഷനുകള് ആവശ്യമെങ്കിൽ കമ്മ്യൂണിറ്റി സേവന സമയം റദ്ദാക്കുകയും നടപ്പാക്കുകയും ചെയ്യും.

_x______കണ്ടീഷൻ II: ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സൂപ്പർവിഷൻ ആൻഡ് കറക്ഷൻസ് ഡിപ്പാർട്ട്മെൻറ് അംഗീകരിച്ച ഒരു കമ്പനിയിൽ നിന്ന് ക്യാമറ ഘടിപ്പിച്ച ആൽക്കഹോള് ഇന്റർലോക്ക് ഉപകരണം പ്രതികൾ സമാഹരിക്കുകയും സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യണം. ഡി.ഡബ്ല്യൂ.ഐ കോർട്ട് പ്രോഗ്രാമിൽ പങ്കെടുക്കുമ്പോൾ ഈ ഉത്തരവിന്റെ 15 ദിവസങ്ങൾക്കകം പ്രതി പ്രവർത്തിപ്പിക്കുന്ന ഓരോ വാഹനത്തിലും ഇന്റർലോക്ക് ഉപകരണം ഇൻസ്റ്റാൾ ചെയ്തിരിക്കണം. കൂടാതെ, പ്രസ്തുത ഇന്റര്ലോക്ക് ഉപകരണത്തിന്റെ ലഭ്യത, സ്ഥാപിക്കല്, പരിപാലനം, ഉപയോഗം എന്നിവയെ സംബന്ധിച്ചിടത്തോളം ഉള്ളതായ എല്ലാ നിയമങ്ങളും ചട്ടങ്ങളും പാലിക്കണം. സൂപ്പർവൈസിംഗ് ഓഫീസർക്ക് അവരുടെ അഭ്യർത്ഥനപ്രകാരം ഇന്റര്ലോക്ക് ഉപകരണം പ്രദർശിപ്പിക്കാമെന്ന് പ്രതി സമ്മതിക്കുന്നു. മേല്പറഞ്ഞ ഉപകരണങ്ങളുടെ വില പ്രതിയുടെ ഉത്തരവാദിത്തമാണ്. പ്രതിക്ക് സാധുവായ ലൈസൻസ് ഇല്ലെങ്കിലോ കൂടാതെ/അല്ലെങ്കിൽ ഒരു മോട്ടോർ വാഹനം പ്രവർത്തിപ്പിക്കുന്നില്ലെങ്കിലോ ഒരു ഇഗ്നിഷൻ ഇന്റര്ലോക്കിന് പകരമായി ഒരു ഇൻ-ഹോം ഉപകരണം ഉപയോഗിക്കണം.

_______കണ്ടീഷൻ ജെജെ: ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സൂപ്പർവിഷൻ ആന്റ് കറക്ഷൻസ് ഡിപ്പാർട്ട്മെന്റിന് നിർദ്ദേശിച്ച പ്രകാരം ഒരു പ്രോഗ്രാം പങ്കാളിത്ത ഫീസ് പ്രതി നൽകേണ്ടതാണ്, എന്നാല് പ്രസ്തുത ഫീസ് 2,000 ഡോളറിൽ കവിയാൻ പാടില്ല.

_x______കണ്ടീഷൻ കെകെ: ആൽക്കഹോള് അടങ്ങിയ ഏതെങ്കിലും ഖര ഭക്ഷണമോ ദ്രാവകമോ അല്ലെങ്കിൽ ആൽക്കഹോള് ഷുഗര് ഒരു ഘടകമായോ അല്ലെങ്കിൽ ഉപഭോഗത്തിന്റെ ഒരു ഉപ-ഉൽപന്നമായി ആൽക്കഹോള് അല്ലെങ്കിൽ ആൽക്കഹോള് ഷുഗര് പുറപ്പെടുവിക്കുന്ന യാതൊന്നും പ്രതി ഉപയോഗിക്കില്ല. ആൽക്കഹോള് അല്ലെങ്കിൽ ആൽക്കഹോള് ഷുഗര് അടങ്ങിയ മരുന്നുകളൊന്നും പ്രതി ഉപയോഗിക്കില്ല. ആൽക്കഹോള് ഇല്ലാത്ത മൗത്ത് വാഷുകൾ മാത്രമേ പ്രതി ഉപയോഗിക്കാന് പാടുള്ളൂ.

x_______കണ്ടീഷൻ എൽഎൽ: ടെക്സസ് ഡിപ്പാർട്ട്മെന്റ് ഓഫ് പബ്ലിക് സേഫ്റ്റിയില് നിന്നും ലഭ്യമായ സ്വന്തം ലൈസൻസ് പ്രകാരമാണോ അല്ലെങ്കിൽ കോടതി നൽകിയ തൊഴിൽ ലൈസൻസ് പ്രകാരമാണോ പ്രതി ഡ്രൈവ് ചെയ്യുന്നത് എന്ന് നോക്കാതെതന്നെ ഓട്ടോമൊബൈൽ ഇൻഷുറൻസ് അല്ലെങ്കിൽ ഒപ്പം എസ്ആർ-22യും പ്രതി പരിപാലിക്കേണ്ടതാണ്, ആയത് ഡി.ഡബ്ല്യൂ.ഐ കോർട്ട് ട്രീറ്റ്മെന്റ് പ്രോഗ്രാമിന്റെ കാലാവധിയ്ക്കുള്ളിലുള്ളതും പ്രാബല്യത്തിൽ ഉള്ളതും

ആയിരിക്കണം. ഡി.ഡബ്ല്യൂ.ഐ കോടതി ചികിത്സാ പദ്ധതിയുടെ കാലാവധിയില് മോട്ടോർ വാഹനം ഓടിക്കാത്ത പ്രതികൾക്ക് ഈ വ്യവസ്ഥ ബാധകമല്ല. ഇൻഷുറൻസ് അല്ലെങ്കിൽ ഇൻഷുറൻസ് പോളിസിയുടെ തെളിവ് കോടതിയിൽ വരുമ്പോഴും പ്രതിയുടെ മേൽനോട്ട ഉദ്യോഗസ്ഥനുമായുള്ള എല്ലാ കൂടിക്കാഴ്ചകള് നടക്കുമ്പോഴും പ്രതികൾ ഹാജരാക്കേണ്ടതുണ്ട്.

ഡി.ഡബ്ല്യൂ.ഐ കോടതി പ്രോഗ്രാമുമായി ബന്ധപ്പെട്ട എല്ലാ നിബന്ധനകളും ഉൾപ്പെടുത്തുന്നതിന് കമ്മ്യൂണിറ്റി മേൽനോട്ടത്തിന്റേതായ എല്ലാ സ്റ്റാൻഡേർഡ് നിബന്ധനകളും പ്രതി നിശ്ചയമായും പാലിക്കേണ്ടതാണ്.

| | |
|---|---|
| തീയതി | പ്രതി |
| തീയതി | പ്രതിഭാഗം അഭിഭാഷകന് |
| തീയതി | അദ്ധ്യക്ഷത വഹിക്കുന്ന ജഡ്ജി |

കോസ് നമ്പർ ______________________________

എസ്സ്.റ്റി.ഇ.പി.

ഫലപ്രദമായ നിരീക്ഷണഘട്ടത്തിലേക്കുള്ള ശിക്ഷാനടപടികള്
Sanctions Toward Effective Probation

ഡി.ഡബ്ല്യു.ഐ കോർട്ട് പ്രോഗ്രാമിന്റെ നിബന്ധനകൾക്ക് കീഴിലുള്ള ഏതെങ്കിലും മേൽനോട്ട ഉപാധികൾ പാലിക്കുന്നതിൽ നിങ്ങൾ വീഴ്ചവരുത്തുന്നത് ആ പ്രോഗ്രാമിന്റെ ലംഘനമായിരിക്കും. അതിനാൽ അടിയന്തര ജയിൽവാസം ഉൾപ്പെടെയുള്ള സാധ്യമായ ശിക്ഷകൾക്ക് നിങ്ങൾ വിധേയരാകും.

നിയമലംഘനങ്ങൾ നടന്നാൽ എപ്പോൾ വേണമെങ്കിലും ഇനിപ്പറയുന്ന ശിക്ഷകള് ഏർപ്പെടുത്താം. പ്രോഗ്രാം ലംഘനങ്ങൾക്കായി ജയിൽ സമയം കൂടാതെ/അല്ലെങ്കിൽ അത് അസാധുവാക്കാനുള്ള ഒരു പ്രമേയം ഉൾപ്പെടെയുള്ള വിലക്കുകള് ആരംഭിക്കാം. പ്രോഗ്രാം ശാസനങ്ങളില് ഇനിപ്പറയുന്നവ പരിമിതപ്പെടുത്തിയിട്ടില്ല:

1) സൂപ്പർവൈസിംഗ് ടീം / ജഡ്ജിയുടെ വാക്കാലുള്ള താക്കീത്
2) ചികിത്സാക്രമത്തിലെ വർദ്ധനവ്
3) ചികിത്സാ പദ്ധതിയുടെ ടീം അവലോകനം
4) മയക്കുമരുന്ന് ദുരുപയോഗ പരിശോധന/നിരീക്ഷണം എന്നിവയിലുള്ള വർദ്ധനവ്
5) ജയിൽ സമയം

ആൽക്കഹോള് ഉപയോഗം/ ദുരുപയോഗവുമായി ബന്ധമുള്ള കുറ്റവാളിയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവര്ക്ക് സമഗ്രമായ അവസരം നൽകുന്നതിനാണ് ഫോർട്ട് ബെൻഡ് കൗണ്ടി ഡി.ഡബ്ല്യു.ഐ കോടതി പ്രോഗ്രാം രൂപകൽപ്പന ചെയ്തിരിക്കുന്നത്. വിലക്കുകള്, പ്രോത്സാഹനങ്ങൾ, പ്രതിഫലങ്ങൾ എന്നിവയുടെ ഒരു സമ്പ്രദായത്തില് ഈ പ്രോഗ്രാം പ്രവർത്തിക്കുന്നു.

ഞാൻ മദ്യം ദുരുപയോഗം ചെയ്യുന്നതുമായി ബന്ധപ്പെട്ട കുറ്റവാളിയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സമഗ്രമായ അവസരം കുറ്റവാളിക്ക് നൽകുന്നതിനാണ് ഫോർട്ട് ബെൻഡ് കൗണ്ടി ഡി.ഡബ്ല്യു.ഐ കോടതി പ്രോഗ്രാം രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഉപരോധം, പ്രോത്സാഹനങ്ങൾ, പ്രതിഫലങ്ങൾ എന്നിവയുടെ ഒരു സിസ്റ്റത്തിൽ പ്രോഗ്രാം പ്രവർത്തിക്കുന്നു.

ശിക്ഷാ നിയമങ്ങൾ ഞാന് വായിക്കുകയോ അല്ലെങ്കില് എനിക്ക് വിശദീകരിച്ചുതരികയോ ചെയ്തിട്ടുണ്ട്. എന്റെ നിരീക്ഷണഘട്ട നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ചവരുത്തിയാല് ആയതിന് ചുമത്തപ്പെടുന്ന നിരീക്ഷണ വ്യവസ്ഥകളിലെ ഏത് പരിഷ്കാരങ്ങളും ഞാൻ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. എന്റെ നിരീക്ഷണഘട്ടം ജയിൽവാസത്തിനായി ഉടനടി പരിഷ്കരിക്കപ്പെടുകയോ ഏതെങ്കിലും നിരീക്ഷണഘട്ട ലംഘനത്തിന് റദ്ദാക്കുകയോ ചെയ്യാമെന്നും കൂടാതെ ഏതെങ്കിലും പ്രോഗ്രാം ലംഘനങ്ങൾക്ക് എപ്പോൾ വേണമെങ്കിലും മേൽപ്പറഞ്ഞ ശിക്ഷാവിധികള് എന്റെ മേൽ ചുമത്തപ്പെടുമെന്നും ഞാൻ മനസ്സിലാക്കുന്നു.

| | |
|---|---|
| ______________________<br>തീയതി | ______________________<br>പ്രതി |
| ______________________<br>തീയതി | ______________________<br>പ്രതിഭാഗം അഭിഭാഷകന് |
| ______________________<br>തീയതി | ______________________<br>സൂപ്പർവിഷന് ഓഫീസര് |

കൗണ്ടി ക്രിമിനല് കോടതി ലോ നം.6

ഡി.ഡബ്ല്യു.ഐ കോടതി ഇടപെടലും ചികിത്സാ പരിപാടിയും

വിവരങ്ങൾ വെളിപ്പെടുത്താനുള്ള സമ്മതപത്രം

## Consent to Release Information

| | | |
|---|---|---|
| കക്ഷിയുടെ പേര് | ജനനത്തീയതി | കക്ഷിയുടെ കോസ്# |

ഡി.ഡബ്ല്യു.ഐ കോർട്ട് പ്രോഗ്രാമിലെ നിങ്ങളുടെ പങ്കാളിത്തത്തിന് വേണ്ടുന്നതായ എല്ലാവിധ രേഖകളും വെളിപ്പെടുത്താനുള്ള നിങ്ങളുടെ അനുമതി/അല്ലെങ്കിൽ സമ്മതം ആണ് ഈ പത്രം. ഇത് ഡി.ഡബ്ല്യു.ഐ കോടതി പ്രോഗ്രാമിൽ ഏതെങ്കിലും രേഖകളെക്കുറിച്ചും നിങ്ങളുടെ പുരോഗതിയെക്കുറിച്ചും അവയുടെ അഭാവത്തെക്കുറിച്ചും ചുവടെ ചേർത്തിരിക്കുന്നവരുമായി ചർച്ച ചെയ്യാൻ അനുവദിക്കുന്നു:

- ഡി.ഡബ്ല്യു.ഐ കോടതി പ്രോഗ്രാം ജഡ്ജി
- ജില്ലാ അറ്റോർണിയുടെ ഓഫീസ്
- ചികിത്സാ ദാതാക്കൾ
- സൂപ്പർവൈസിംഗ് ഓഫീസർ

എന്റെ എല്ലാ രേഖകളും/അല്ലെങ്കിൽ വിവരങ്ങളും വെളിപ്പെടുത്താനുള്ള അധികാരം ഞാൻ ചികിത്സാ ദാതാക്കൾക്കും കമ്മ്യൂണിറ്റി സൂപ്പർവിഷന് ആൻഡ് കറക്ഷൻസ് ഡിപ്പാർട്ട്മെന്റിനും നൽകുന്നു.

ഡി.ഡബ്ല്യു.ഐ കോടതി പ്രോഗ്രാമിൽ എന്റെ അഭാവത്തിന്റെ പുരോഗതി നിരീക്ഷിക്കുക, അവലോകനം നടത്തുക, ചർച്ച ചെയ്യുക, റിപ്പോർട്ട് നൽകുക എന്നിവയാണ് ഈ വിവരങ്ങൾ വെളിപ്പെടുത്തുന്നതിന്റെ ലക്ഷ്യം.

വെളിപ്പെടുത്തലിന് വിധേയമായ പ്രത്യേക വിവരങ്ങളിൽ എന്റെ ഹാജർ, മയക്കുമരുന്ന് അല്ലെങ്കിൽ ആൽക്കഹോള് പരിശോധനാ ഫലങ്ങൾ, പ്രോഗ്രാമിന് അനുസൃതമായി പാലിക്കുന്നത് അല്ലെങ്കിൽ പാലിക്കാത്തത്, ഡി.ഡബ്ല്യു.ഐ കോടതി പ്രോഗ്രാമില് ഞാന് പങ്കെടുക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും വിവരങ്ങളും ഉൾപ്പെടുന്നു.

വെളിപ്പെടുത്തേണ്ട വിവരങ്ങളിൽ മയക്കുമരുന്ന് ഉപയോഗം അല്ലെങ്കിൽ അതിന്മേലുള്ള ആശ്രയം, ആൽക്കഹോള് ദുരുപയോഗം അല്ലെങ്കിൽ അതിന്മേലുള്ള ആശ്രിതത്വം, ഏതെങ്കിലും മാനസികാരോഗ്യ രേഖകൾ എന്നിവ ഉൾപ്പെടുമെന്ന് എനിക്ക് അറിയാവുന്നതാണ്.

എന്റെ രേഖകളും കൂടാതെ/അല്ലെങ്കിൽ ആൽക്കഹോളും മയക്കുമരുന്ന് ഉപയോഗവും സംബന്ധിച്ച വിവരങ്ങൾ ഫെഡറൽ രഹസ്യസ്വഭാവമുള്ള ചട്ടങ്ങളാൽ പരിരക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും അതിനാൽ എന്റെ രേഖാമൂലമുള്ള അനുമതിയില്ലാതെ, ചട്ടങ്ങളിൽ മറ്റൊരുവിധത്തില് ശാസനം നൽകിയിട്ടില്ലെങ്കിൽ, അവ പുറത്തിറക്കാൻ കഴിയില്ലെന്നുള്ള കാര്യവും ഞാൻ സമ്മതിക്കുന്നു. എന്റെ രേഖകളും കൂടാതെ/അല്ലെങ്കിൽ വിവരങ്ങളും പുറത്തുവിടാനുള്ള ഈ സമ്മതപത്രം സ്വതന്ത്രമായിട്ടും, സ്വമേധയായിട്ടും, ഏതെങ്കിലും തരത്തിലുള്ള ബലപ്രയോഗമെന്യേ നൽകപ്പെട്ടതാണെന്നും ഇതില് നൽകിയിട്ടുള്ള വിവരങ്ങൾ എന്റെ മികച്ച അറിവിലും ബോദ്ധ്യത്തിലും സത്യമാണെന്നും ഞാൻ സമ്മതിക്കുന്നു. ഈ സമ്മതപത്രത്തിന്റെ പേരില് ഏതെങ്കിലും തരത്തിലുള്ള നടപടികള് അനുസൃതമായി നടന്നിട്ടുണ്ട് എന്നതൊഴിച്ചാൽ, ഏത് സമയത്തും എനിക്ക് ഈ അനുമതി പിൻവലിക്കാൻ കഴിയുമെന്നും ഞാൻ തിരിച്ചറിയുന്നു.

| | | |
|---|---|---|
| കക്ഷിയുടെ പേര് | ജനനത്തീയതി | കക്ഷിയുടെ കോസ്## |

______________________

സാക്ഷി

ഡി.ഡബ്ല്യൂ.ഐ കോടതി ഇടപെടലും ചികിത്സാ പരിപാടിയും സംബന്ധിച്ച കക്ഷിക്കരാര്

DWI Court Intervention and Treatment Program Client Contract

കക്ഷിയുടെ പേര് ___________________________ ________________________

ആദ്യം അവസാനം

കോസ് നം..__________________________________

ഞാൻ, _________________________________, കൗണ്ടി കോടതിയിൽ ലോ നമ്പർ 6 ഡി.ഡബ്ല്യൂ.ഐ കോടതി ഇടപെടലും ചികിത്സാ പരിപാടിയും എന്നതില് പ്രവർത്തിക്കാൻ എന്നെത്തന്നെ പ്രതിജ്ഞാബദ്ധനാക്കുന്നു. ഇത് കുറഞ്ഞത് 12 മാസത്തെ പങ്കാളിത്തകാലമുള്ള 3- ഘട്ടങ്ങളടങ്ങിയ തുടർപരിചരണ പരിപാടിയാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഈ കരാറിലെ ആവശ്യകതകളുടെ രൂപരേഖ ഞാൻ പാലിക്കാതെവന്നാല് അതല്ലെങ്കിൽ മേല്പറഞ്ഞ കോടതി ജഡ്ജിയുടെ നിർദ്ദേശപ്രകാരം ഞാൻ പാലിച്ചില്ലെങ്കിൽ ഒരു പ്രോഗ്രാം ഘട്ടത്തിന്റെ സർവ്വ ഭാഗങ്ങളും അല്ലെങ്കിൽ ഒരു ഭാഗം മുഴുവനും ആവർത്തിക്കേണ്ടിവരുമെന്നും ഞാൻ മനസ്സിലാക്കുന്നു. മേപ്പടി പ്രോഗ്രാമിൽ പങ്കെടുക്കുന്നതിനുവേണ്ടി ചുവടെയുള്ള വ്യവസ്ഥകൾ പാലിക്കുമെന്ന് ഞാൻ സമ്മതിക്കുന്നു:

1) ഡി.ഡബ്ല്യൂ.ഐ കോർട്ട് പ്രോഗ്രാം നിർദ്ദേശിച്ചതും എന്റെ ചികിത്സാ പദ്ധതിയിൽ ഉള്ളതുമായ സപ്പോർട്ട് ഗ്രൂപ്പുകളിലും ആൽക്കഹോള്, മയക്കുമരുന്ന്, കൂടാതെ/അല്ലെങ്കിൽ മറ്റ് ചികിത്സകളിലും ഞാൻ പൂർണ്ണമായും പങ്കെടുക്കുന്നതാണ്. നിയോഗിക്കപ്പെട്ട ഡി.ഡബ്ല്യൂ.ഐ കോടതി സൂപ്പർവൈസിംഗ് ഓഫീസര് എന്റെ മേൽനോട്ടം നടത്തുന്നതിന് വിധേയമാകാന് ഞാൻ സമ്മതിക്കുന്നു.

2) നിരീക്ഷിക്കപ്പെടുന്നതായ ആൽക്കഹോള്-മയക്കുമരുന്ന് സ്ക്രീനിംഗിനും ഒപ്പം/അല്ലെങ്കിൽ ആൽക്കഹോളിന്റെയും മറ്റ് മയക്കുമരുന്നുകളുടെയും ഉപയോഗം കണ്ടെത്തുന്നതിനുള്ള പരിശോധനയ്ക്കും വിധേയനാകണമെന്നും പ്രതിഷേധമെന്യേ ഞാൻ പരിശോധനാ ഫലങ്ങൾ കൃത്യമായി അംഗീകരിക്കണമെന്നും ഞാന് മനസ്സിലാക്കുന്നു. ഡ്രഗ് സ്ക്രീനിംഗ്/അല്ലെങ്കിൽ അതിന്റെ പരിശോധനയുടെ ആവൃത്തിയും രീതിയും എന്റെ സൂപ്പർവൈസിംഗ് ഓഫീസറുടെയും ഡി.ഡബ്ല്യൂ.ഐ കോർട്ട് പ്രോഗ്രാമിന്റെയും വിവേചനാധികാരത്തിലായിരിക്കും. ലഹരിപദാർത്ഥങ്ങളുടെ ദുരുപയോഗ സ്ക്രീനിംഗ്/ അല്ലെങ്കില് പരിശോധന വ്യാജമാക്കാനുള്ള ശ്രമം ശിക്ഷാനടപടിയില് കൊണ്ടെത്തിക്കും എന്നും ഞാന് മനസ്സിലാക്കുന്നു.

3) ഞാൻ എല്ലാ ചികിത്സാ യോഗങ്ങളിലും, കോടതി തീയതികളും, കാലേകൂട്ടി നിശ്ചയിച്ച മറ്റ് കൂടിക്കാഴ്ചകളിലും കൃത്യസമയത്ത് ഹാജരായിരിക്കും. ഒരു അസുഖമോ അടിയന്തിരസംഗതിയോ മൂലം എനിക്ക് ഒരു ചികിത്സാ യോഗത്തിലോ, കോടതി തീയതിയിലോ, കാലേകൂട്ടി നിശ്ചയിച്ച മറ്റ് കൂടിക്കാഴ്ചകളിലോ കൃത്യസമയത്ത് ഹാജരാകാന് കഴിയുന്നില്ലെങ്കിൽ, പ്രസ്തുത കൂടിക്കാഴ്ച നടത്തുന്ന ഹോസ്റ്റുമായി ഫോണിലൂടെ മുൻകൂട്ടി ബന്ധപ്പെടേണ്ടത് എന്റെ ഉത്തരവാദിത്തമാണ്, കൂടാതെ, എന്റെ അഭാവത്തിന്റെ കാരണം വിശദീകരിച്ചുകൊണ്ടുള്ള രേഖകള് എന്റെ സൂപ്പർവൈസിംഗ് ഓഫീസർക്ക് നൽകേണ്ടതുമാണ്. എന്റെ അഭാവം സാധുതയുള്ളതാണോ എന്ന് നിർണ്ണയിക്കാനുള്ള വിവേചനാധികാരം ഡി.ഡബ്ല്യൂ.ഐ കോർട്ട് പ്രോഗ്രാം ടീമിന് ഉണ്ടായിരിക്കും.

4) ഡിഡബ്ല്യൂഐ കോടതി പ്രോഗ്രാമിൽ പൂർണ്ണമായി പങ്കെടുക്കുന്നതിലും, കോടതിയിൽ ഹാജരാകുന്നതിലും, എന്റെ കമ്മ്യൂണിറ്റി സൂപ്പർവിഷൻ ഓഫീസറുമായോ ചികിത്സാ ദാതാവുമായോ ഉള്ള കൂടിക്കാഴ്ച നടത്തുന്നതിലും, ഏതെങ്കിലും തരത്തിലുള്ള തെറാപ്പിയിലോ, കൗൺസിലിംഗിലോ അല്ലെങ്കിൽ കൂടിക്കാഴ്ചയിലോ പങ്കെടുക്കുന്നതിലും, മറ്റേതെങ്കിലും പ്രോഗ്രാമിലോ പരാജയപ്പെട്ടു എന്നുവന്നാല് എന്നെ കസ്റ്റഡിയിൽ എടുക്കുന്നത് ഉൾപ്പെടെയുള്ള ശിക്ഷാനടപടികള് എനിക്കെതിരെ കൈക്കൊള്ളും എന്ന് ഞാന് മനസ്സിലാക്കുന്നു.

5) ഏതെങ്കിലും ബീപ്പർ അല്ലെങ്കിൽ സെല്ലുലാർ ഫോൺ നമ്പർ ഉൾപ്പെടെ നിലവിലുള്ള ഏതെങ്കിലും വിലാസം, ടെലിഫോൺ നമ്പർ (കൾ) എന്നിവയെക്കുറിച്ച് ഡി.ഡബ്ല്യൂ.ഐ കോർട്ട് പ്രോഗ്രാമിനെ അറിയിക്കുന്നതാണെന്നും, അവയില് എന്തെങ്കിലും മാറ്റങ്ങൾ വന്നാല് ആയത് 24 മണിക്കൂറിനുള്ളിൽ എന്റെ സൂപ്പർവൈസിംഗ് ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും ഞാൻ സമ്മതിക്കുന്നു.

6) ആൽക്കഹോള് അല്ലെങ്കിൽ ഏതെങ്കിലും നിയന്ത്രിത പദാർത്ഥം അല്ലെങ്കിൽ നിയമവിരുദ്ധ മയക്കുമരുന്ന് ഞാന് ഉപയോഗിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യില്ലെന്നും, അങ്ങനെയുള്ള പദാർത്ഥങ്ങള് ഉപയോഗിക്കുകയോ കൈവശംവയ്ക്കുകയോ ചെയ്യുന്ന വ്യക്തികളുമായി ഞാൻ സമ്പർക്കം പുലർത്തുകയില്ലെന്നും ഞാൻ സമ്മതിക്കുന്നു. പോസിറ്റീവ് മയക്കുമരുന്ന് ദുരുപയോഗ പരിശോധനയ്ക്ക് കാരണമായേക്കാവുന്ന കൗണ്ടർ മരുന്നുകൾ വാങ്ങുകയോ, കുറിപ്പടി ഇല്ലാതെ മരുന്നുകൾ കഴിക്കുകയോ, പോപ്പി വിത്തുകൾ അടങ്ങിയ ഭക്ഷണം

ഞാൻ ആഹരിക്കുകയോ ചെയ്യില്ല.

7) ഡി.ഡബ്ല്യൂ.ഐ കോടതി പ്രോഗ്രാമിലേക്ക് ഞാൻ എടുക്കുന്ന എല്ലാ കുറിപ്പടി മരുന്നുകളുടെയും വിവരണവും രേഖകളും നൽകേണ്ടത് എന്റെ ഉത്തരവാദിത്തമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. കുറിപ്പടി എന്റെ പേരിൽതന്നെ ആയിരിക്കണം. കുറിപ്പുകളിൽ എന്തെങ്കിലും മാറ്റങ്ങൾ വന്നാൽ ഡി.ഡബ്ല്യൂ.ഐ കോടതി പ്രോഗ്രാമിനെ അറിയിക്കേണ്ട ഉത്തരവാദിത്തവും എനിക്കുണ്ട്.

8) ഞാൻ ഏതെങ്കിലും കൗണ്ടർ മരുന്നുകള് ഉപയോഗിക്കുന്നുണ്ടെങ്കില് ആ വിവരങ്ങള് ഡി.ഡബ്ല്യൂ.ഐ കോർട്ട് പ്രോഗ്രാമിനെ അറിയിക്കേണ്ടതുണ്ടെന്നും അവയില് ലഹരി ഉണ്ടാക്കുന്ന യാതൊന്നുമില്ലെന്നും ആൽക്കഹോള് അടങ്ങിയിട്ടില്ലെന്നും ഞാൻ മനസ്സിലാക്കുന്നു. ഈ മരുന്നുകൾ ലഹരിയുണ്ടാക്കുന്നവ അല്ലെന്നും അവയില് ആൽക്കഹോള് അടങ്ങിയിട്ടില്ലെന്നും ഒരു ഫാർമസി അല്ലെങ്കിൽ മെഡിക്കൽ പ്രൊഫഷണലുമായി സ്ഥിരീകരിക്കാൻ എനിക്ക് ഉത്തരവാദിത്തമുണ്ട്.

9) ഡി.ഡബ്ല്യൂ.ഐ കോർട്ട് പ്രോഗ്രാം ടീമംഗങ്ങളെ എന്റെ വീട്ടിലോ, പരിസരത്തോ, ജോലിസ്ഥലത്തോ അല്ലെങ്കിൽ കമ്മ്യൂണിറ്റിയിലോ വച്ച് എന്നെ കാണാൻ അനുവദിക്കുമെന്ന് ഞാൻ സമ്മതിക്കുന്നു.

10) എന്റെ ചികിത്സാ പദ്ധതി തയ്യാറാക്കുന്നതിൽ ഞാൻ ചികിത്സാ ഉദ്യോഗസ്ഥരുമായി സഹകരിക്കേണ്ടതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്റെ റിക്കവറിക്ക് എന്നെ സഹായിക്കാൻ കഴിയുന്ന വ്യക്തികളുമായോ ഏജൻസികളുമായോ ആശയവിനിമയം നടത്താൻ ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനുള്ള വിവരങ്ങൾ വെളിപ്പെടുത്തുന്നതിനുള്ള സമ്മതപത്രങ്ങളില് ഒപ്പിടുന്നതിന് ഞാൻ സമ്മതിക്കുന്നു.

______________________________ ______________________

പ്രതി തീയതി